kusumammasika@gmail.com
www.facebook.com/balakusumam

# ബാല കുസുമം

2021 ഫെബ്രുവരി

വില 10 രൂപ




## ഞണ്ടിനെപ്പോലെ കാൻസർ

## നിങ്ങൾക്കെത്ര ഭാഷകളറിയാം

## ഡമസ്കസിന്റെ ചരിത്രവീഥിയിലൂടെ...

ബാല കുസുമം

പുസ്തകം 8
ലക്കം 12
2021 ഫെബ്രുവരി

# കൂട്ടു കൂടാനിരിക്കട്ടെ

**ലോ**കത്തിൽ ഏറ്റവും നിഷ്കളങ്കനും സുന്ദരനുമായ ഒരാളുടെ ചിത്രം വരയ്ക്കണം. പ്രസിദ്ധനായ ഒരു ചിത്രകാരൻ അതിനുപറ്റിയ ഒരാളെ കണ്ടെത്തി ചിത്രം വരയ്ക്കുകയും ചെയ്തു. ആ ചിത്രം എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റി.

വർഷങ്ങൾക്കു ശേഷം ആ ചിത്രകാരനു ഒരാഗ്രഹം. ലോകത്തിൽ ഏറ്റവും ദുഷിച്ച, വെറുക്കപ്പെട്ട ഒരാളുടെ ചിത്രം വരയ്ക്കണം. അതിനായി ഒരു മോഡൽ കിട്ടാനായി അയാൾ പല തെമ്മാടികളുടെയും മുഖം പരിശോധിച്ചു. ഒടുവിൽ അയാൾക്ക് കിട്ടിയത് ഒരു ജയിൽപുള്ളിയെയാണ്. ആരു കണ്ടാലും ഞെട്ടിപ്പോകുന്ന വികൃതരൂപിയായ ഒരാൾ. ആ മുഖം കണ്ടാൽതന്നെ എല്ലാവരും വഴിമാറി നടന്നു പോകും.

ചിത്രകാരൻ അയാളെ വിളിച്ചുവരുത്തി മോഡലാക്കി ചിത്രം വരച്ചു. ആ ചിത്രം വർഷങ്ങൾക്കു മുമ്പു വരച്ച ഏറ്റവും നല്ല മനുഷ്യന്റെ ചിത്രത്തിനടുത്തു വെച്ചു. അപ്പോഴാണ് മോഡലായി ഇരുന്നുകൊടുത്ത മനുഷ്യൻ ആ പഴയ ചിത്രം കാണുന്നത്. രണ്ടു ചിത്രത്തിലും മാറിമാറി നോക്കിയ അയാൾ പൊട്ടിക്കരഞ്ഞു പോയി. നിയന്ത്രിക്കാൻ കഴിയാത്ത കരച്ചിൽ!

ചിത്രകാരൻ അയാളെ സമാധാനിപ്പിച്ചു. കരയാനുണ്ടായ കാരണമന്വേഷിച്ചു. അയാൾ പറഞ്ഞു: “ഈ രണ്ടു ചിത്രത്തിനും മോഡലായി ഇരുന്നത് ഞാൻ തന്നെയാണ്. അന്നു വളരെ നല്ലവനായിരുന്ന ഞാൻ ഇന്ന് ഇത്രയും വെറുക്കപ്പെട്ടവനായിപ്പോയ

ല്ലോ.”

കൂട്ടുകാരേ, ഈ കഥയിലെ വലിയ പാഠം നിങ്ങൾക്കു മനസ്സിലായിക്കാണുമല്ലോ. ഏതു നല്ല മനുഷ്യനും ഏറ്റവും ദുഷിച്ചവനായിപ്പോയേക്കാം. എല്ലാവർക്കും പ്രിയപ്പെട്ടവർ പിന്നീട് എല്ലാവരാലും വെറുക്കപ്പെട്ടവരായി മാറിയേക്കാം. ചുറ്റുപാടുകളും സമീപനങ്ങളുമാണ് അതിന് കാരണമാകുന്നത്.

കുട്ടികളെല്ലാം പിറന്ന് വീഴുന്നത് നിഷ്കളങ്കരായാണല്ലോ. പിന്നീടവർ സ്വഭാവങ്ങൾ ശീലിക്കുന്നത് മാതാപിതാക്കളിൽ നിന്നും കുടുംബങ്ങളിൽ നിന്നുമാണ്. അവരിൽ നിന്ന് ശീലിക്കുന്നത് മിക്കവാറും നല്ല സ്വഭാവങ്ങൾ തന്നെയായിരിക്കും. പിന്നെ കൂട്ടുകാരുമായി ചേരുമ്പോഴാണ് പലപ്പോഴും ദുഃസ്വഭാവങ്ങൾ ശീലിക്കുന്നത്. പലതും ദുഃസ്വഭാവങ്ങളാണെന്നറിഞ്ഞു കൊണ്ടു തന്നെയാണ് അതിൽ പങ്കാളികളാവുന്നത്. ആദ്യമൊക്കെ തെറ്റു ചെയ്യുന്നത് വലിയ പേടിയോടെയായിരിക്കും. കുറ്റബോധമുണ്ടാകും. എന്നാൽ തുടരെത്തുടരെ തെറ്റുകൾ ചെയ്യുമ്പോൾ പേടി മാറും. കുറ്റബോധം ഇല്ലാതാകും. പിന്നെയത് ഒഴിവാക്കാൻ പറ്റാത്ത ശീലമായിപ്പോകും.

മിടുക്കനായ, നല്ല കുടുംബത്തിൽ പിറന്ന കുട്ടിയായിരുന്നു ഹാശിർ. അവൻ പിന്നീട് വലിയ കുറ്റക്കാരനായിത്തീർന്നു. അതെങ്ങനെയെന്നോ? അയൽവാസിയായ ഒരു കുട്ടിയുമായി അവൻ നല്ല ചങ്ങാത്തത്തിലായി. ചില ദുഃസ്വഭാവങ്ങളുള്ള കുട്ടിയായിരുന്ന അവൻ ഹാശിറിനെ ഉപ്പയുടെ പോക്കറ്റിൽ നി




BALA KUSUMAM

Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846, 47
kusumammasika@gmail.com

- പബ്ലിഷർ
  **പി. കുഞ്ഞഹമ്മദ്**
- ചീഫ് എഡിറ്റർ
  **മുഹമ്മദ് പാറന്നൂർ**
- എക്സിക്യൂട്ടീവ് എഡിറ്റർ
  **സി.പി ശഫീഖ് ബുഖാരി**
- എഡിറ്റർ
  **മുഹമ്മദ് ഇഖ്ബാൽ**
- ജനറൽ മാനേജർ
  **എ. മൊയ്തീൻ മടവൂർ**
- സർക്കുലേഷൻ
  **ശരീഫ് സഖാഫി എടയൂർ**
- ഇല്ലസ്ട്രേഷൻസ്
  **ശ്യാംദാസ്, സന്തു കരിമണ്ണൂർ**
- ഡിസൈൻ & ലേ-ഔട്ട്
  **അൻവർ സ്വാദിഖ് ബുഖാരി**

ന്നും പണം മോഷ്ടിക്കാൻ പ്രേരിപ്പിച്ചു. മോഷണം തെറ്റാണെന്നറിയാമായിരുന്നെങ്കിലും കൂട്ടുകാരന്റെ നിർബന്ധത്തിനു വഴങ്ങി അവനതു ചെയ്തു; ഒരിക്കലല്ല, പലതവണ. ഹാശിറിന്റെ മാതാപിതാക്കൾ അത്ര കാര്യമാക്കിയതുമില്ല. മോഷ്ടിച്ചെടുക്കുന്ന പണമൊക്കെയും ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചും പലതരം മിഠായികൾ വാങ്ങിക്കഴിച്ചും സിനിമ കണ്ടും ചെലവഴിച്ചു. അവനും കൂട്ടുകാരനും വിലസിനടന്നു. അങ്ങനെ പലപ്പോഴും ക്ലാസ്സുകളിൽ കയറാതായി. വേറെയും പല ദുഃസ്വഭാവങ്ങളും പഠിച്ചു. മയക്കുമരുന്നിന്റെ വലയിലും പെട്ടു. അപ്പോൾ കിട്ടുന്ന പണമൊന്നും മതിയാകാതായി. പണമുണ്ടാക്കാൻ മോഷണം തുടങ്ങി. ബൈക്കു മോഷണവും സ്ത്രീകളുടെ മാല പിടിച്ചു പറിയും മറ്റും.

പതിനെട്ടു വയസ്സായപ്പോഴേക്കും ഹാശിർ പേരുകേട്ട കള്ളനായി. ജയിലഴികൾക്കുള്ളിലാണിപ്പോഴവൻ. അവനിപ്പോൾ എല്ലാവരാലും വെറുക്കപ്പെട്ടവനാണ്; നാം പരിചയപ്പെട്ട മോഡലിനെപ്പോലെ! കുഞ്ഞുന്നാളിൽ എത്ര നല്ല മോനായിരുന്നു അവൻ!

കൂട്ടുകാർ വാർത്തകൾ ശ്രദ്ധിക്കാറില്ലേ, നഗരങ്ങളിലും ഗ്രാമങ്ങളിലുമൊക്കെ കുട്ടിക്കള്ളന്മാർ പെരുകിക്കൊണ്ടിരിക്കുകയാണ്. അവരിലധിക പേരും നല്ല കുടുംബത്തിൽ പിറ



ന്ന നല്ല മക്കളായിരുന്നു. കൂട്ടുകെട്ടുകളാണവരെ പെരും കള്ളന്മാരും തെമ്മാടികളുമാക്കിയത്.

കൂട്ടുകാരേ, നന്നായി ശ്രദ്ധിക്കണം. തിന്മയിലേക്കുള്ള വഴികൾ നാലുഭാഗത്തും തുറന്നു കിടക്കുകയാണ്. അവയിലേക്കു പലരും നിങ്ങളെ മാടിവിളിക്കുന്നുണ്ട്; നിങ്ങൾക്കിഷ്ടപ്പെട്ട വാക്കുകൾ പറഞ്ഞ്, ഇഷ്ടപ്പെട്ട സമ്മാനങ്ങൾ തന്ന്, ഇഷ്ടപ്പെട്ട വേഷമണിഞ്ഞ്, ഇഷ്ടപ്പെട്ട വിഭവങ്ങൾ തന്ന് അവർ നിങ്ങളെ കൊണ്ടുനടക്കും. അവസാനം ചതിക്കുഴിയിൽ വീഴുമ്പോഴായിരിക്കും മനസ്സിലാവുക: അപ്പോൾ പിന്നെ രക്ഷപ്പെടാൻ വളരെ പ്രയാസമായിരിക്കും.

അതുകൊണ്ട് കൂട്ടുകൂടുന്നത് വളരെ സൂക്ഷിച്ചു വേണം. കൂട്ടുകൂടാൻ വരുന്നവരെക്കുറിച്ച് മാതാപിതാക്കളോടും സഹോദരങ്ങളോടും ഗുരുനാഥന്മാരോടുമൊക്കെ പറയണം. തെറ്റായ കാര്യങ്ങൾ ആരു പറഞ്ഞാലും അനുസരിക്കരുത്. തിന്മകൾക്ക് ഒരിക്കലും കൂട്ടുനിൽക്കരുത്. എങ്കിൽ നമുക്ക് നമ്മിലെ നന്മ നിലനിർത്താം. ദുഷിച്ചവരിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യാം. അല്ലെങ്കിൽ






ഏതു നല്ല കുട്ടിയും ദുഷിച്ച് പോകാനുള്ള സാധ്യത കൂടുതലാണിക്കാലത്ത് എന്ന കാര്യം മറക്കാതിരിക്കുക.


സഫർ
കുറേ കുട്ടികൾ റോഡരികിൽ കലുങ്കിലിരുന്നു സംസാരിക്കുന്നു. അപ്പോൾ സഫർ അതു വഴി വരുന്നു.
അസ്സലാമു അലൈക്കും.
വ അലൈക്കുമുസ്സലാം.... സഫറോ?
ഇതെന്താണ് എല്ലാവരും ഈ റോഡിൽ?
വെറുതെ. കുറച്ചു നേരം വർത്തമാനം പറയാലോ.
വീട്ടിലിരുന്ന് മടുത്തെടോ, ഇവിടെയാണെങ്കിൽ കുറേ ആൾക്കാരെയെങ്കിലും കാണാമല്ലോ.
എന്നാലും പൊതു വഴിയിലിങ്ങനെ ഇരിക്കുന്നത് അത്ര നല്ലതല്ലാട്ടോ.
പിന്നെ എവിടെയാണിരിക്കുക, ഇത്രയും ഫ്രീയായി?
ഓ..... അങ്ങനെയാ? എന്നാൽ വഴിയുടെ അവകാശങ്ങൾ പാലിക്കണം ട്ടോ.
വഴിയുടെ അവകാശങ്ങളോ?


അതെന്താ?
അതെന്താന്നറിയില്ലേ? എന്നാൽ ഞാൻ പറഞ്ഞുതരാം. മുത്ത് നബി(സ) സ്വഹാബികൾക്കു പറഞ്ഞു കൊടുത്ത കാര്യങ്ങളാ.
അതെന്തെല്ലാമാണ്, പറഞ്ഞാട്ടെ.
കണ്ണുകൾ താഴ്ത്തണം. അതായത് തെറ്റായ കാര്യങ്ങളിലേക്കൊന്നും നോക്കരുത്.
ഇവിടെ അങ്ങനെയൊന്നും കാണാനില്ലല്ലോ.
അന്യസ്ത്രീകളും മറ്റും ഈ വഴിയിലൂടെ പോവില്ലേ? അവരെ നോക്കി ആസ്വദിക്കരുത്.
ഓ.. ശരി... പിന്നെ?



ആർക്കെങ്കിലും ഉപദ്രവകരമായി വല്ലതും ഉണ്ടെങ്കിൽ അത് തടയണം. വാക്കുകൊണ്ടു പോലും ആരെയും ഉപദ്രവിക്കരുത്.
നല്ല കാര്യം തന്നെ. പിന്നെ!
ആരെങ്കിലും സലാം പറഞ്ഞാൽ മടക്കണം.
പിന്നെ?
നന്മ ചെയ്യാൻ കൽപ്പിക്കുകയും തിന്മ കണ്ടാൽ തടയുകയും വേണം.
എല്ലാം നല്ല കാര്യങ്ങൾ തന്നെ. ഇതൊക്കെ മുത്ത് നബി(സ) പറഞ്ഞതാണോ?
സ്വഹീഹായ ഹദീസിലുള്ള കാര്യമാ.
സഫറേ, നന്ദി... കഴിവതും ഞങ്ങളിതൊക്കെ പാലിക്കാൻ ശ്രമിക്കാം ട്ടോ
ഓകെ.

# ഞണ്ടിനെപ്പോലെ കാൻസർ!

കുഞ്ഞുമോൻ / അബൂതസ്നീം

**കാ**ൻസർ രോഗത്തെക്കുറിച്ചും അതിന്റെ കാരണത്തെക്കുറിച്ചും അൻവർ സാർ ഒരു ക്ലാസ്സ് സംഘടിപ്പിച്ചിരുന്നു. അതു കഴിഞ്ഞ് വരികയാണ് കുഞ്ഞുമോനും കൂട്ടുകാരും. സാർ പറഞ്ഞ കാര്യങ്ങളെക്കുറിച്ചാണ് ചർച്ച.

"എടോ, ഞാനിനി ഈ ബർഗറും പഫ്സും പൊറാട്ടയുമൊന്നും കൂടുതൽ കഴിക്കൂല." ഹാരിസ് ഇങ്ങനെ പറഞ്ഞപ്പോൾ നസീം അവനെ കളിയാക്കി: "ങ്ഹും, നീയല്ലേ? ദിവസം നാല് പൊറാട്ടയെങ്കിലും തിന്നാതിരുന്നാൽ നെനക്കൊറക്കം വരോ? തീറ്റക്കൊതിയൻ."

"എന്തു ചെയ്യാനാണെടാ, കാൻസർ വന്നു പെട്ടാല് ഒറക്കം വരാത്തതിലും കഷ്ടമല്ലേ?" "രാവിലെ കട്ടൻ ചായക്ക് എന്തെങ്കിലുമൊരു പലഹാരം കിട്ടീല്ലെങ്കില് അന്നത്തെ ദിവസം ഒരു ഉഷാറുണ്ടാവൂല." നിയാസ് സങ്കടത്തോടെ പറഞ്ഞു.

"അതിന് ചിപ്സ് കിട്ടിയാ പോരേ? നല്ല രസണ്ടാവും. നേന്ത്രക്കായ കൊണ്ട് ഉണ്ടാക്ക്ണതല്ലേ? ഞാനെന്നും ചിപ്സാ ചായയ്ക്ക് കൂട്ടാറുള്ളത്." അനൂപ് ഒരു പരിഹാരം നിർദ്ദേശിച്ചപ്പോൾ ജിതിൻ ഉറക്കെച്ചിരിച്ചു കൊണ്ട് അവനെതിരെ തിരിഞ്ഞു: "എടാ, നീ സാറിന്റെ ക്ലാസ്സ് ശരിക്കും കേട്ടിട്ടില്ല അല്ലേ, പലപ്രാവശ്യം ചൂടാക്കുന്ന എണ്ണയിൽ വറുത്തെടുക്കുന്ന പലഹാരങ്ങളും കാൻസറിന്



കാരണമാണെന്ന്."

"അതിനെന്താ, ചിപ്സ് അങ്ങനെയുള്ള എണ്ണയിൽ വറുത്തെടുക്കുന്നതാണെന്ന് ആരാ പറഞ്ഞത്!"

"ആരും പറയണോന്നില്ല. ഞങ്ങളെ വീടിന്നട്ത്താ ഗോപാലേട്ടന്റെ ചിപ്സ് വറുക്കുന്ന സ്ഥലം. അയാള് കച്ചോടം തൊടങ്ങ്യ അന്ന് മുതലുള്ള എണ്ണ ആ വലിയ ചട്ടിയിലുണ്ടാവും. ഓരോ ദിവസവും അതിലേക്ക് കൊറച്ചെണ്ണ ഒഴിക്കാറേള്ളൂ. ഞാനെന്നും കാണ്ന്നതല്ലേ?"

"അങ്ങന്യാണോ! എന്നാ പിന്നെ എന്താണിപ്പോ ചെയ്യ്വ?"

ഇങ്ങനെ വർത്തമാനവും തർക്കുത്തരങ്ങളുമായി നടക്കുന്നതിനിടയിലാണ് കുഞ്ഞുമോൻ പെട്ടെന്ന് നിന്നത്. മണം പിടിച്ചു കൊണ്ടവൻ പറഞ്ഞു: "ശ്വാസം മുട്ടിക്കുന്ന ഒരു മണമുണ്ടല്ലോ. എവിടന്നാണത്?"

"ശരിയാ, ആരോ പ്ലാസ്റ്റിക്ക് കത്തിക്കുന്നുണ്ട്." കൂട്ടുകാർ ശരിവെച്ചു.

"ആരാ, എവിടെ നിന്നാ അത് വരുന്നത്?" എല്ലാവരും നാ

ലുപാടും നോക്കി. അപ്പോഴാണ് കുറച്ചകലെയുള്ള കൃഷിത്തോട്ടത്തിൽ നിന്ന് കറുത്ത കട്ടിയുള്ള പുക ഉയരുന്നത് കണ്ടത്. "അതാ അവിടുന്നാ, നാരായണേട്ടന്റെ കൃഷിത്തോട്ടത്തീന്നല്ലേ അത്?"

"ങാ, അവിടെ നിന്നു തന്ന്യാ, നമുക്കൊന്നു പോയിനോക്കാം." കുഞ്ഞുമോൻ പറഞ്ഞു.

"എന്തിനാപ്പോ അങ്ങോട്ടു പോക്ണത്. ആ പുകയേറ്റ് രോഗം വരാനോ? കാൻസറിന്റെ പ്രധാന കാരണങ്ങളിലൊന്നാണ് പ്ലാസ്റ്റിക് കത്തിച്ച പുക എന്നല്ലേ സാർ പറഞ്ഞത്." റിയാസ് കൂട്ടുകാരെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു.

"അതു പറ്റില്ല. നാരായണേട്ടന് അറിയാത്തത് കൊണ്ടായിരിക്കും. നമുക്കയാളെ കാര്യം പറഞ്ഞ് മനസ്സിലാക്കാലോ. എല്ലാവരും വരിൻ."

പ്ലാസ്റ്റിക് കവറുകളുടെ വലിയൊരു കൂനക്ക് തീ കൊടുത്ത് കത്തിക്കുകയാണ് നാരായണേട്ടൻ. ഇടക്കിടെ അയാൾ പുകയേറ്റ് ചുമയ്ക്കുന്നുമുണ്ട്.

"നാരായണേട്ടാ, എന്തു പണിയാണിത്? പ്ലാസ്റ്റിക് കത്തിക്കേ്വ?" കുഞ്ഞുമോൻ ഉറക്കെ ചോദിച്ചപ്പോൾ നാരയണേട്ടൻ ഞെട്ടിത്തിരിഞ്ഞ് നോക്കി.

"ങേ, ഞമ്മളെ കുട്ട്യാളോ, ഇങ്ങളെന്തിനാപ്പോ ഇങ്ങട് വന്നത്?"

"നാരായണേട്ടൻ പ്ലാസ്റ്റിക് കത്തിക്കുന്നത് കണ്ട് വന്നതാ."

'എന്തു ചെയ്യാനാ മക്കളേ, പ്ലാസ്റ്റിക് നിരോധിച്ചൂന്നൊക്കെ പറയുന്നുണ്ടെങ്കിലും ഓരോ കൊല്ലവും മഴക്കാലത്ത് ലോഡുകണക്കിനു പ്ലാസ്റ്റിക് കവറുകള് അങ്ങാടീന്ന് ഒഴുകിവന്ന് ഞമ്മളെ പറമ്പിലടിയും. ഇത് മണ്ണിൽ കിടന്നാൽ കൃഷി ണ്ടാവ്വോ? അപ്പോ ഞമ്മളിത്

"പ്ലാസ്റ്റിക് കത്തിക്കുന്നത് വലിയ അപകടാന്ന് ഏട്ടനറിഞ്ഞൂടേ?"

"ഞമ്മക്കതൊന്നും അറീല്ല. കത്തിക്കല്ലാണ്ട് എന്ത് ചെയ്യാനാ?"

"ഏട്ടാ, ഞങ്ങളിപ്പോ കാൻസറിനെക്കുറിച്ചുള്ള ഒരു ക്ലാസ്സ് കേട്ട് വരാ. ആ ക്ലാസില് സാറ് പറഞ്ഞത് എന്താണ്ന്നോ, പ്ലാസ്റ്റിക് കത്തിക്കുന്ന പുകയേറ്റാല് ആ രോഗം വരുമെന്ന്. വേറെയും പല രോഗങ്ങളുമുണ്ടാകും. നമ്മുടെ വായുവിനെയും ആകാശത്തെയുമൊക്കെ അത്

ദുഷിപ്പിക്കും. കത്തിക്കുന്ന നിങ്ങൾക്കു മാത്രമല്ല പരിസരത്തുള്ള എല്ലാവർക്കും പുക അപകടമുണ്ടാക്കും."

"എന്റീശ്വരാ, മക്കളേ ഞാനങ്ങനെയൊന്നും വിചാരിച്ചല്ലട്ടോ ഇപ്പണി ചെയ്തത്... കാൻസർ വരൂന്നോ... എന്നാപ്പിന്നെ ജീവിതണ്ടോ മക്കളേ..! ഇ പ്ലാസ്റ്റിക്കൊക്കെ പിന്നെന്താ ചെയ്യാ?"

"അതിനൊക്കെ ഒരു വഴിണ്ടാക്കാമേട്ടാ.. ഞങ്ങളെ സാറ് അതൊക്കെ പറഞ്ഞ് തന്നിട്ട്ണ്ട്."

"എന്താണ് മക്കളേ സാറ് പഠിപ്പിച്ചത്? ഇത്തിരി ഞമ്മക്കും പറഞ്ഞ് താ."

"അതേയ്, ഈ കാൻസർ വലിയ ഒരു രോഗം തന്നെയാ. പിടിപെട്ടാല് നമ്മെ കുറേശ്ശെയായി ഞെണ്ടിനെപ്പോലെ കാർന്ന് തിന്ന് കൊല്ലുന്ന രോഗം. ഞണ്ട് ചേനയും ചേമ്പുമൊക്കെ കാർന്നു തിന്നുന്നത് ഏട്ടൻ കണ്ടിട്ടുണ്ടാവുല്ലോ."

"പിന്നല്ലാതെ... മഹാശല്യം ഞണ്ടുകൾ. അവർ വന്നാൽ ചേനന്റെയും ചേമ്പിന്റെയും മൂട്ടിൽ ഒന്നും ബാക്കിണ്ടാവില്ല."

"ഇങ്ങനെ മനുഷ്യ ശരീരത്തെ തുരന്ന് നശിപ്പിക്കുന്നതുകൊണ്ടാ കാൻസർ എന്ന പേരു വന്നതു തന്നെ. കാർസിനോ

### കാൻസർ വകഭേദങ്ങൾ

ശരീരത്തിലെ ഏത് അവയവത്തെയും കാൻസർ ബാധിച്ചേക്കാം. എങ്കിലും അതിവേഗം വിഭജിക്കുന്ന കോശങ്ങളിൽ പൊതുവെ കാൻസർ കൂടുതലായി കണ്ടുവരുന്നു. ഹൃദയപേശികളും തലച്ചോറിലെ ഞരമ്പുകളും വിഭജിക്കാറില്ല; അതിനാൽ ഇവയിൽ കാൻസർ സാധ്യത താരതമ്യേന കുറവായി കണ്ടുവരുന്നു. കാൻസർ രോഗങ്ങളെ പൊതുവായി രണ്ടായി തരംതിരിക്കാം; ഖരകാൻസറുകളും ദ്രവകാൻസറുകളും. സ്തനങ്ങൾ, ശ്വാസകോശം, വൃക്ക, കുടൽ, കരൾ മുതലായ ദൃഢകലകളിൽ നിന്നാണു മിക്ക കാൻസറുകളും പിറക്കുന്നത്. എന്നാൽ രക്താർബുദം, ലിംഫോമ എന്നിവ രക്തം, ലസിക എന്നീ ദ്രവകലകളിൽ നിന്നും ഉടലെടുക്കുന്നവയാകയാൽ അവയെ ദ്രവകാൻസർ എന്നു വിളിച്ചുവരുന്നു. ശൈശവകാൻസറുകൾ പൊതുവെ വിഭിന്ന സ്വഭാവം പുലർത്തുന്നവ ആകയാൽ അവയെ ഉൾപ്പെടുത്തി മൂന്നാമത് ഒരു വിഭാഗം കൂടി ഉള്ളതായി കാണാം.

സ് എന്ന ഗ്രീക്ക് പദത്തിന്നർത്ഥം ഞണ്ട് എന്നാണത്രെ. ആ പദത്തിൽ നിന്നാണ് കാൻസറുണ്ടായത് എന്നൊക്കെ സാറ് പറഞ്ഞു."

"അപ്പോ മക്കളേ, ഈ പ്ലാസ്റ്റിക് കത്തിച്ചാല് മാത്രാണോ കാൻസർ വര്വാ?"

"അതല്ല, അത് ഒരു പ്രധാന കാരണം മാത്രാ. വേറെയും പല കാരണങ്ങളുണ്ട്, കമ്പനികളിൽ നിന്നൊക്കെ പുറത്തു വിടുന്ന പുക, രാസ വസ്തുക്കള്.. പിന്നെ മനുഷ്യർ കഴിക്കുന്ന മദ്യം, മറ്റു ലഹരി വസ്തുക്കൾ, വറുത്തതും പൊരിച്ചതുമായ ആഹാരങ്ങൾ, ബേക്കറി പലഹാരങ്ങൾ, പാക്കറ്റിൽ സൂക്ഷിക്കുന്ന ഭക്ഷണങ്ങൾ, കൂടുതൽ പഞ്ചസാര, പുകവലി, ഫാസ്റ്റ് ഫുഡുകൾ തുടങ്ങിയവയൊക്കെ കാൻസറിന് കാരണമാണ്."

കുഞ്ഞുമോൻ പറഞ്ഞു നിർത്തിയപ്പോൾ റിയാസ് കൂട്ടിച്ചേർത്തു: "പിന്നെ പൊറോട്ടയും ബർഗറും പഫ്സും ചിപ്സും..."

"എന്റമ്മോ, പൊറോട്ടയും അക്കൂട്ടത്തിപ്പെട്ടോ? അതും കഴിക്കാമ്പറ്റൂലേ?"

"ഇതൊന്നും തീരെ കഴിക്കര്തെന്നല്ല ഏട്ടാ. പതിവാക്കരുതെന്നേയുള്ളൂ. വല്ലപ്പോഴും കഴിക്കുന്നതിന് പ്രശ്നമൊന്നൂല്ല."

"ഞമ്മക്ക് പൊറാട്ടല്ലാതെ ജീവിക്കാമ്പറ്റ്വോ? പണിയെടുത്ത് കുഴങ്ങുമ്പോ രണ്ട് പൊറാട്ട തിന്നാല് പിന്നെ ഒരു ഉഷാറാ..."

"നാരായണേട്ടാ, ഏട്ടന്റെ തോട്ടത്തില് വാഴക്കുലയുണ്ട്. കപ്പയുണ്ട്. ചേമ്പുണ്ട്, ചേനയുണ്ട്. ഇതൊക്കെ നല്ല ഭക്ഷണ സാധനങ്ങളല്ലേ? ഇതൊക്കെ കഴിച്ചാല് പിന്നെ ഒരു രോഗവും വരില്ല. കാൻസർ പമ്പ കടക്കും."

"ഇതൊക്കെ ഞമ്മള് വിൽക്കാന്ണ്ടാക്ക്ണതാണ് മക്കളേ, നല്ല വെല കിട്ടൂലേ?'

"ഈ നല്ല ഭക്ഷണ സാധനങ്ങളൊക്കെ വിറ്റിട്ട് നിങ്ങള് ചീത്ത ഭക്ഷണം വാങ്ങിക്കഴിക്കാണല്ലേ?"

"ഇതൊക്കെ ഭക്ഷണാക്കണെങ്കില് എത്ര പണിയെടുക്കണം. മൈദേം അരീം റവേം ഒക്കെ പീട്യേന്ന് വാങ്ങിക്കൊണ്ടന്നാല് പെട്ടെന്ന് ഭക്ഷണായീ



ലേ?"

"അപ്പോ ഈ നെല്ലും ഏട്ടൻ വിറ്റ് അരി വാങ്ങാറാണോ പതിവ്?"

"പിന്നല്ലാതെ, ഇതൊക്കെ തൊലി കളഞ്ഞ് അരിയാക്കണെങ്കില് എത്ര അധ്വാനിക്കണം."

"ഏട്ടാ, നമ്മള് നെല്ല് തൊലി കളഞ്ഞാല് കാണ്ന്ന തവിടില്ലേ, അത് കാൻസറിനെ തടയുന്ന നല്ല മരുന്നാണെന്നാ സാറ് പറഞ്ഞത്..."

"ന്റെ മക്കളേ, ഞാൻ തോറ്റ്..... ഇങ്ങളെ ആ സാറിനെ വിളിച്ച് ഞമ്മക്കൊരു ക്ലാസ്സെടുപ്പിച്ച് തരണം. വർത്തമാനം പറയുന്നതിനിടയിൽ പ്ലാസ്റ്റിക് ആളിക്കത്താൻ തുടങ്ങി. അപ്പോൾ കുഞ്ഞുമോൻ ഇടയ്ക്കു കയറിപ്പറഞ്ഞു: "നാരായണേട്ടാ, ഇപ്പോ നമ്മള് ആ പ്ലാസ്റ്റിക്ക് കൂനക്കു കൊടുത്ത തീ കെട്ത്ത്വല്ലേ?"

"ഇങ്ങനൊക്കെ ആണെങ്കില് ഞാനിപ്പത്തന്നെ കെട്ത്താം. മക്കളേ, പിന്നെ ഇതെന്ത് ചെയ്യണോന്ന് നിങ്ങള് പറഞ്ഞ് തരണം."

"അതിന് ഞങ്ങള് നാളെ സാറിനൊപ്പം പഞ്ചായത്താപ്പീസിൽ പോകും. അവരത് ശേഖരിച്ച് എന്താണെന്ന് വെച്ചാല് ചെയ്യട്ടേ ഇപ്പോ നിങ്ങള് തീ കെടുത്ത്. ഞങ്ങള് പോകാണ്. ബൈ... ബൈ....!"

"ബല്ലാത്തൊരു മക്കള്. ഇങ്ങള് ഞമ്മളെ ബെറ്തെ വിടൂലല്ലോ?" നാരായണേട്ടൻ തലയിൽ കൈവെച്ച് അവർ പോകുന്നതും നോക്കി നിന്നു.





## മുത്ത്നബിയുടെ കൂട്ടുകാരൻ

3

# സ്വപ്നത്തിന്റെ പൊരുൾ

ജുനൈദ് വിളയിൽ

ഇരുൾ കനം വെച്ചിരിക്കുന്നു.നിശയുടെ നിശ്ശബ്ദതയിൽ ചില ജീവികൾ അങ്ങിങ്ങായി ബഹളം വെക്കുന്നുത് കേൾക്കാം. ചന്ദ്രൻ ആകാശത്തു നിന്നു പ്രഭ ചൊരിയുന്നു. നക്ഷത്രങ്ങൾ പ്രകാശം പൊഴിച്ച് തിളങ്ങിക്കൊണ്ടിരിക്കുന്നു. ഇളം കാറ്റേറ്റു ഈന്തപ്പനയോലകൾ താളത്തിലാടുന്നു. പരന്നുകിടക്കുന്ന മണൽതരികളിൽ ചന്ദ്രവെളിച്ചം പരക്കുന്നത് കാണാൻ വല്ലാത്ത ആനന്ദം തന്നെ! ആടിയുലയുന്ന ചെറുമരങ്ങൾക്കിടയിലെ കുടിലിൽ അബൂബക്കർ അന്തിയുറങ്ങാൻ കിടന്നു. ആലോചനകൾ ഒന്നിനു പിറകെയായി മനസ്സിന്റെ തീരത്തെത്തി.

അദ്ദേഹം അന്നൊരു മനോഹര സ്വപ്നം കണ്ടു: ഭൂമിയിൽ നിന്ന് ചന്ദ്രൻ ഉദിച്ചുയരുന്നു. അതിന്റെ പ്രകാശകിരണങ്ങൾ കുടിലുകൾക്കുള്ളിലേക്ക് കടന്നുചെല്ലുന്നു.

അബൂബക്കർ ഉണർന്നു.

‘ഞാൻ കണ്ട സ്വപ്നത്തിന്റെ അർത്ഥം എന്തായിരിക്കും?’

സ്വപ്നങ്ങൾക്ക് അർത്ഥമുണ്ടല്ലോ? അങ്ങനെയെങ്കിൽ ഞാൻ കണ്ട സ്വപ്നത്തിന്റെ അർത്ഥമെന്തായിരിക്കും?

പ്രഭാതകിരണങ്ങൾ ഇലകൾക്കിടയിലൂടെ ഭൂമിയിലേക്കെത്തി. അബൂബക്കർ വീടുവിട്ടിറങ്ങി.

സ്വപ്നവ്യാഖ്യാനമറിയുന്ന ഒരു പുരോഹിതനെ തേടി നടന്നു.

പൂർവ്വ വേദങ്ങളെ ആഴത്തിലറിയുന്ന ഒരാളുടെ വീട്ടിലാണ് ചെന്നെത്തിയത്.

സുഖാന്വേഷണങ്ങൾക്കു ശേഷം രാത്രി കണ്ട സ്വപ്നം അബൂബക്കർ പറഞ്ഞു തുട

ങ്ങി. പുരോഹിതൻ എല്ലാം ശ്രദ്ധിച്ചുകേട്ടു. അദ്ദേഹം ആവേശത്തോടെ വിളിച്ചു പറഞ്ഞു:

"വരാറായി."

"ആരാണ് വരാറായത്?" അബൂബക്കർ ജിജ്ഞാസയോടെ ചോദിച്ചു.

"പ്രതീക്ഷയോടെ കാത്തിരിക്കുന്ന അന്ത്യപ്രവാചകനാണ് നീ കണ്ട സ്വപ്നത്തിലെ പൗർണമി. നബിയുടെ ആത്മസുഹൃത്ത് നിങ്ങൾ തന്നെയായിരിക്കും." വിവരണം കേട്ട് അബൂബക്കർ മതിമറന്നുല്ലസിച്ചു. അബൂബക്കറിന്റെ മനസ്സിൽ ആലോചനകളുടെ വേലിയേറ്റങ്ങളുണ്ടായി.

മക്കയിൽ തിന്മയുടെ തീക്കാറ്റേറ്റ് സത്യത്തിന്റെ നാമ്പുകൾ കരിഞ്ഞിരിക്കുന്നു.

സമൂഹം അന്ധകാരത്തെ പ്രണയിക്കുകയാണിപ്പോഴും.

ഇനി മക്ക മാറാൻ പോവുകയാണ്. തിന്മയോട് സന്ധിയാവാത്തവർ കാത്തുനിന്ന ദിവസം അണയാനിരിക്കുന്നു. അബൂബക്കർ സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി.

കാലചക്രം മുമ്പോട്ടു കറങ്ങി. കാത്തിരുന്ന പ്രവാചകൻ അൽ അമീനാണെന്ന് എല്ലാവരും അറിഞ്ഞു. അബൂബക്കർ ഒന്നും ആലോചിച്ചില്ല, സത്യം അറിഞ്ഞ മാത്രയിൽ ഇസ്‌ലാമിനെ ഹൃദയത്തിലേക്ക് ആവാഹിച്ചു. (തുടരും)



# നിങ്ങൾക്കെത്ര ഭാഷകളറിയാം ?

അബ്ദുസ്സലാം മണ്ണാർക്കാട്

'A drop of ink may make a million think' (English proverb)

*'പാൽക്കടൽത്തിര തള്ളി വരുന്നതു പോലെ*
*പദങ്ങളെൻ നാവിൽ നൃത്തമാടുന്നു' (കുഞ്ചൻ നമ്പ്യാർ)*

ജനങ്ങൾക്ക് ആശയവിനിമയത്തിനുള്ള ഉപാധിയാണ് ഭാഷ. ഭാഷാപഠനം വളരെ പ്രാധാന്യമർഹിക്കുന്നു. നമ്മുടെ വിദ്യാലയങ്ങളിൽ മാതൃഭാഷയായ മലയാളത്തിന് പുറമെ ഇംഗ്ലീഷ്, ഹിന്ദി, അറബി, ഉർദു, സംസ്കൃതം തുടങ്ങിയ ഭാഷകൾ പഠിക്കുവാനുള്ള അവസരമുണ്ട്. ലോക ചരിത്രം ദർശിച്ച നേതാക്കളെല്ലാം വായന ഇഷ്ടപ്പെടുന്നവരും വിജ്ഞാന ദാഹികളുമായിരുന്നു എന്ന് മനസ്സിലാക്കാം. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി 18-ാം വയസ്സിൽ പത്രപംക്തികളിൽ എഴുതിത്തുടങ്ങി. 1920 കളിൽ ഗാന്ധിജിയുടെ പത്രങ്ങളായ യംഗ് ഇന്ത്യയും നവജീവനും വളരെയധികം ശ്രദ്ധിക്കപ്പെട്ടു. ഈംഗ്ലീഷ്, ഗുജറാത്തി, തമിഴ്, ഹിന്ദി തുടങ്ങിയ 4 ഭാഷകളിൽ ഒരേ സമയം ലേഖനങ്ങളും വാർത്തകളും പ്രസിദ്ധീകരിച്ച് വന്ന 'ഇന്ത്യൻ ഒപീനിയൻ' പത്രപ്രവർത്തന രംഗത്ത് ചരിത്രം സൃഷ്ടിച്ചിരുന്നു.


ഇന്ത്യൻ ഭരണഘടനയുടെ പിതാവായ ഡോ. അംബേദ്ക






റുടെ ഭാഷാപഠനത്തിനുള്ള താൽപര്യം അദ്ദേഹത്തെ ദാർശനികനാക്കി മാറ്റി. ഹിന്ദുവായി ജനിച്ച ഭീം ഹിന്ദുവായി ജീവിക്കണമെന്നാഗ്രഹിച്ചു. പക്ഷേ, 70% ഹിന്ദുക്കളെയും വേദങ്ങൾ പഠിക്കുവാൻ അനുവദിച്ചിരുന്നില്ല. വേദ പഠനത്തിന് വേണ്ടി ഹൈസ്കൂളിൽ സംസ്കൃതം ഉപഭാഷയായി പഠിക്കുവാൻ ഭീം തയ്യാറായി. പക്ഷേ, ബ്രാഹ്മണാദ്ധ്യാപകർ വിലക്കി. അന്ന് ഉന്നത ജാതിയിൽ പെട്ടവർക്ക് മാത്രമേ സംസ്കൃത പഠനം അനുവദിച്ചിരുന്നുള്ളൂ. പിൽക്കാലത്ത് സ്വന്തമായി പഠിച്ചാണ് ഭീം സംസ്കൃത പണ്ഡിതനായിത്തീർന്നത്.





വെളിയങ്കോട് ഉമർഖാളി(റ)വും സയ്യിദ് അലവി മമ്പുറം തങ്ങളും ആലി മുസ്ലിയാരും ശൈഖ് സൈനുദ്ധീൻ മഖ്ദൂമുമാരും അറബി ഭാഷയിലും മറ്റും പ്രാവീണ്യമുള്ളവരായിരുന്നു. തുഹ്ഫത്തുൽ മുജാഹിദീൻ എന്ന സ്വാതന്ത്ര്യ സമര ചരിത്രത്തിലെ പ്രഥമ സമരകാവ്യം സാമ്രാജ്യത്വ ശക്തികൾക്കെതിരെ ഗർജ്ജിച്ചു. ഉമർ ഖാളി(റ) പഠനകാലത്ത് തന്നെ ചുമരുകളിൽ അറബി കവിതകൾ കുറിച്ചു വെക്കുമായിരുന്നു. 'ആശിഖുറസൂൽ' ഉമർഖാളി(റ)വിന്റെ തിരുനബി കീർത്തന കാ





വ്യം ലോകപ്രസിദ്ധമാണ്.

ഇന്ത്യൻ ഭാഷാപത്രങ്ങളുടെ പിതാവ് എന്ന് വിളിക്കുന്നത് രാജാറാം മോഹൻ റോയിയെയാണ്. സാമൂഹിക മാറ്റത്തിനായി അന്ധവിശ്വാസത്തിനെതിരെ തന്റെ നിലപാടുകൾ പ്രഖ്യാപിക്കുന്നതിന് റായ് സംവാദ് കൗമുദി എന്ന പേരിൽ 1821 ൽ ബംഗാളി വാരിക ആരംഭിച്ചു. ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവ് എന്നറിയപ്പെട്ട റോയിക്ക് 10 ഭാഷകൾ അറിയാമായിരുന്നു. ഇംഗ്ലീഷ്, ലാറ്റിൻ, ഫ്രഞ്ച്, ഗ്രീക്ക്, ഹീബ്രു, സംസ്കൃതം, പേർഷ്യൻ, അറബി, ബംഗാളി, ഹിന്ദി എന്നിവയായിരുന്നു അവ. ഇന്ത്യയിലെ ദുരാചാരമായ സതി നിർത്തലാക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

ഇന്ത്യയുടെ പ്രഥമ വിദ്യാഭ്യാസ മന്ത്രിയായിരുന്ന മൗലാനാ അബുൽ കലാം ആസാദിന്റെ ജന്മദിനമായ നവംബർ 11 ദേശീയ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നു. കുട്ടിക്കാലം തൊട്ടേ കവിതയിൽ താൽപര്യം കാണിച്ചിരുന്ന അദ്ദേഹം 'ആസാദ്' എന്ന തൂലികാനാമത്തിലാണ് എഴുതിത്തുടങ്ങിയത്. അദ്ദേഹം അറബി, ഇംഗ്ലീഷ്, ഉർദു, ഹിന്ദി, പേർഷ്യൻ,

ബംഗാളി തുടങ്ങിയ ഭാഷകളിൽ പ്രാവീണ്യമുള്ള ബഹുമുഖ പ്രതിഭയായിരുന്നു.




സാഹിത്യത്തിന് നോബൽ പുരസ്കാരം ലഭിച്ച ആദ്യ ഏഷ്യക്കാരനായിരുന്നു രവീന്ദ്രനാഥ ടാഗോർ. അദ്ദേഹം ബാല്യത്തിൽ തന്നെ കവിതകളെഴുതിത്തുടങ്ങി. അദ്ദേഹം രചിച്ച 'ജനഗണമന' എന്നാരംഭിക്കുന്ന ഗാനം പിന്നീട് നമ്മുടെ ദേശീയഗാനമായി മാറി.

ഭാഷാപരമായ ബുദ്ധി(Linguistic Intelligence)യുള്ളവർക്ക് ഭാഷകൾ വേഗത്തിൽ പഠിച്ചെടുക്കുവാൻ കഴിയും. പ്രമുഖ എഴുത്തുകാർ, പ്രഭാഷകർ, തുടങ്ങിയവർ ഭാഷാപരമായ ബുദ്ധിക്കൂടുതലുള്ളവരാണ്. ഭാഷാപഠനം അവഗണിക്കപ്പെടരുത്. പുതിയൊരു ഭാഷ പഠിക്കുമ്പോൾ കുട്ടിയുടെ ബുദ്ധി വികാസം സാധ്യമാവുകയും വ്യക്തിപരമായ ഉൾക്കാഴ്ച്ച ലഭിക്കുകയും ചെയ്യുന്നു. ഭാഷാപഠനം സംസ്കാരവുമായി ബന്ധപ്പെട്ടതാണ്. മനുഷ്യന് സംസ്കാരമാണ് മുഖ്യം. അതിനാൽ ഭാഷാപഠനം പ്രാധാന്യമർഹിക്കുന്നു.


Indian Opinion

PUBLISHED WEEKLY IN ENGLISH AND GUJARATI

No. 30—Vol. XII    Wednesday, July 29th, 1914    Registered at the G.P.O. as a Newspaper. Price Threepence

A FAREWELL LETTER

JUST before leaving South Africa, Mr. Gandhi handed to Reuter's Agent at Capetown the following letter addressed to the Indian and European public of South Africa :—

I would like on the eve of my departure for India

of last year and we should have laid ourselves open to the charge of making new demands.

But I have also assured them that the present settlement does not preclude them from agitation (as has been made clear in my letter to the Secretary of the


CID സൽമാൻ
ആമസോൺ
വജ്രവ്യാപാരി ജിതിൻ ഷായുടെ കൊലപാതകവും ആമസോൺ വജ്രത്തിന്റെ തിരോധാനവുമായ ബന്ധപ്പെട്ട അന്വേഷണത്തിനായി ഗുജറാത്ത് പോലീസ്, കേരള പോലീസിന്റെ സഹായം ആവശ്യപ്പെടുന്നു. ഓസ്ട്രിയായിലുള്ള സി. ഐ. ഡി സൽമാനെ ചീഫ് കുൽക്കർണി വിളിക്കുന്നു.....
ഓ.കെ ചീഫ്!
സി.ഐ.ഡി. സൽമാൻ, വിയന്ന - ന്യൂഡെൽഹി - അഹമ്മദാബാദ് ഫ്ലൈറ്റിൽ...
...വളരെ പ്രധാനപ്പെട്ട കേസ് ആയതിനാലാവും ചീഫ് എന്നെ വിളിച്ചത്!!
ടൂർ പിന്നെയാവാം! ANY WAY, DUTY IS FIRST!
അഹമ്മദാബാദ് എയർ - പോർട്ടിൽ നിന്നും സൽമാൻ നേരെ ഗുജറാത്ത് പോലീസിന്റെ ആസ്ഥാനത്തേക്ക്.
...ചീഫ് മിശ്ര - യുടെ ഓഫീസ് .... ഇതല്ലേ?
അതേ സാർ!
TAXI


ഗുജറാത്ത് പോലീസ് മേധാവി ജഗൻ മിശ്രയുടെ ഓഫീസ്. മിശ്ര സംഭവങ്ങൾ വിശദീകരിക്കുന്നു.
... അപ്പോൾ മി: സൽമാൻ, ..ജിതിൻ ഷായുടെ കൊലയാളിയെ കണ്ടുപിടിക്കുക .. നഷ്ടപ്പെട്ട ആമസോൺ വജ്രം കണ്ടെത്തുക... ഇതാണ് താങ്കളുടെ ദൗത്യം!
ഓ..കെ..സാർ! ... കുൽക്കർണി സാർ ഏറെക്കുറെ എല്ലാം വിശദീകരിച്ചു തന്നിട്ടുണ്ട്!
...പിന്നെ, പ്രധാന കാര്യം ...എന്താണെന്നു വച്ചാൽ....
...ഇതിനു പുറകിൽ... മുംബൈ അധോലോകത്തിന്റെ കൈകൾ പ്രവർത്തിക്കുന്നുണ്ട് എന്നതിന്...
.. വ്യക്തമായ തെളിവുകൾ... കിട്ടിയിട്ടുണ്ട്!!
.. ഇതിനു മുമ്പ് കേസന്വേഷിച്ചിരുന്ന സി.ഐ.ഡി 'രാജേഷ് സൂപ്പർ' ... ഗുണ്ടാ സംഘത്തിന്റെ വെടിയേറ്റ് ചികിത്സയിലാണ്....
SO...BE..CAREFUL !!
ഓഹോ! ..എങ്കിൽ നമുക്ക് ആദ്യം തന്നെ... ... ഈ....
രാജേഷ് സൂപ്പറിനെ ... ഒന്ന് കണ്ടാലോ?
6


സി.ഐ.ഡി സൽമാനും, മിശ്രയും "രാജേഷ് സൂപ്പ - റിന്റെ വീട്ടിലേക്ക്....
POLICE
രാജേഷ് സൂപ്പർ.
മി: സൽമാൻ, വളരെ സൂക്ഷിക്കണം! ഇതിനു പിന്നിൽ മുംബൈ അണ്ടർ വേൾഡാണ്!!
കൊലപാതകം നടന്ന സ്ഥലത്തു നിന്നും എനിക്ക്.... കൊലയാളിയുടേതെന്ന് സംശയിക്കാവുന്ന രണ്ട് മൂന്ന് ... ചവച്ചു തുപ്പിയ ച്യൂയിംഗ് ഗം കിട്ടിയിരുന്നു!!
സ്ഥിരമായി ച്യൂയിംഗം ചവയ്ക്കുന്ന ഗുണ്ടാ യെ തേടിയുള്ള അന്വേഷണത്തിനിടയിലാണ്.....
..എനിക്ക് വെടിയേററത്!! ..അവരുടെ കൈവശം.... പോലീസുകാർക്കുള്ളതിനേക്കാൾ ....
...അത്യാധുനികമായ ആയുധങ്ങളുണ്ട്!!! സൂക്ഷിച്ചോ!! ... ജീവൻ പണയം വച്ചുള്ള കളിയാണിത്!!
... മുംബൈ അധോലോകവുമായുള്ള കളി!!
7


'രാജേഷ് സൂപ്പറി'നെ സന്ദർശിച്ച ശേഷം ചീഫ് മിശ്രയും സി.ഐ.ഡി സൽമാനും മടങ്ങുന്നു.
കേട്ടോ മി: സൽമാൻ! .. അയാൾ കേസന്വേഷണം തുടങ്ങിയത് മുതൽ ഈ ച്യൂയിംഗത്തിനെ പറ്റി പറയുന്നുണ്ട്! ... അതിൽ വല്ല കാര്യവുമുണ്ടോ?
.. ഉണ്ടോന്ന്.... ചോദി-ച്ചാൽ..
ഉണ്ട് സാർ!! പക്ഷേ..
ച്യൂയിംഗം ചവയ്ക്കു-ന്നവനെത്തേടി അധോലോക കേന്ദ്രങ്ങളിൽ അന്വേഷിച്ചു നടക്കു-ന്നത്....
...വിഡ്ഢിത്തമാണ്!! ... ആട്ടെ... ആ "ച്യൂയിംഗ് ഗം" എവിടെയുണ്ട്?
ഗുജറാത്ത് പോലീസിന്റെ ഫോറൻസിക് ഡിപ്പാർട്ട്മെന്റ് ഓഫീസ്.
ഇതാണ് ആ ച്യൂയിംഗ് ഗം!!
?!!
WOW!!
ഇതൊരു നിർണ്ണായക തെളിവാണ് സാർ! ..കാരണം...കാരണം... ഇത് വെറുമൊരു ച്യൂയിംഗ് ഗം അല്ല!! ......... ഇത്...ഇത്...
...ഹൂബറേ ആണ്!!
HEUBOGHRE?
8 F/2021
തുടരും

ഇഖ്ബാൽ റീമസ്

# മുല്ലപ്പയുടെ തത്തകൾ

പണ്ടുപണ്ട് ഫിറോസ്പൂർ എന്ന ഗ്രാമത്തിൽ മുല്ലപ്പ എന്ന ഒരു കർഷകൻ ജീവിച്ചിരുന്നു. മുല്ലപ്പൂകൃഷിയായിരുന്നു അയാളുടെ തൊഴിൽ. മുല്ലപ്പൂ ചന്തയിൽ കൊണ്ടുപോയി വിറ്റാണ് അയാൾ കഴിഞ്ഞിരുന്നത്. അതുകൊണ്ട് നാട്ടുകാർ അയാളെ മുല്ലപ്പ എന്നു വിളിച്ചുപോന്നു.

ഒരു ദിവസം വിറകു ശേഖരിക്കാൻ കാട്ടിൽ പോയ മുല്ലപ്പ ഒരു മരക്കൊമ്പിലെ കൂട്ടിൽ നാലു തത്തക്കുഞ്ഞുങ്ങളെ കണ്ടു. ഭംഗിയുള്ള, അരുമയായ നാലുകുഞ്ഞുങ്ങൾ. ചെറുപ്പത്തിലേ മാതാപിതാക്കൾ നഷ്ടപ്പെട്ട് ഇപ്പോഴും ഒറ്റയ്ക്കു കഴിയുന്ന മുല്ലപ്പയ്ക്ക് ആ തത്തക്കുഞ്ഞുങ്ങളെ വീട്ടിൽ കൊണ്ടുപോയി വളർത്താൻ ആഗ്രഹം തോന്നി. ഈ തത്തക്കുഞ്ഞുങ്ങൾ ഏകനായ തനിക്ക് ഒരു കൂട്ടാകുമല്ലോ എന്ന് അയാൾ കരുതി. മുല്ലപ്പ വിറകുശേഖരണം മതിയാക്കി ആ തത്തക്കുഞ്ഞുങ്ങളെയെടുത്ത് വീട്ടിലേക്ക് തിരിച്ചു. വീട്ടിൽ തിരിച്ചെത്തിയ മുല്ലപ്പ നല്ല ഭംഗിയുള്ള, ചതുരത്തിലുള്ള ഒരു കൂടുപണിത് തത്തക്കുഞ്ഞുങ്ങളെ അതിനകത്താക്കി. മുല്ലപ്പ തത്തക്കുഞ്ഞുങ്ങളെ തന്റെ മക്കളെപ്പോലെ സ്നേഹിച്ചു വളർത്തി. ആ തത്തക്കുഞ്ഞുങ്ങൾക്ക് അദ്ദേഹം ദിവസവും ധാന്യങ്ങളും പാലും പഴവും നെൽക്കതിരുകളും കൊടുത്തു. അവയെല്ലാം കൊത്തിത്തിന്ന് അവ മെല്ലെ മെല്ലെ വളർന്നു.

വർഷങ്ങൾ കഴിഞ്ഞു. കുഞ്ഞുതത്തകൾ വളർന്നു മുതിർന്ന തത്തകളായി. ഭംഗിയുള്ള നാലുതത്തകൾ. തത്തകൾക്ക് പറന്നുനടക്കാൻ താനുണ്ടാക്കിയ കൂട് പറ്റുന്നില്ല ഒന്നു കണ്ടപ്പോൾ മുല്ലപ്പ അൽപംകൂടി വലിയ കൂടുപണിത് ആ തത്തകളെ അതിലേക്കു മാ





റ്റിപ്പാർപ്പിച്ചു. എന്നാൽ ഒരിക്കൽപോലും മുല്ലപ്പ തത്തകളെ സ്വതന്ത്രമായി പുറത്തുവിടുകയോ ആ നാലുതത്തകൾക്കും ചിറകുവച്ചു പറക്കാൻ പാകത്തിലുള്ള വലിയ കൂടു പണിയുകയോ ചെയ്തില്ല.

പിന്നെയും വർഷങ്ങൾ കടന്നുപോയി. കൂട് അപ്പോഴും പഴയതുതന്നെ. മുല്ലപ്പയ്ക്കു വയസ്സാവുകയും ചെയ്തു.

പ്രായമേറെയായപ്പോൾ മുല്ലപ്പ ചിന്തിച്ചു. തനിക്കു വയസ്സായി. ഇനി അധികകാലം ജീവിതമുണ്ടാവില്ല. താൻ മരിച്ചുപോയാൽ ഈ തത്തകൾ കൂട്ടിൽ കിടന്നു ചാവും. അവയെ തുറന്നുവിട്ടാലോ?

രണ്ടുവട്ടം ചിന്തിച്ചപ്പോൾ മുല്ലപ്പയ്ക്ക് മനസ്സിലായി. അതാണു ശരി. വളർന്നുവലിയവരായ ഈ തത്തകളെ ഇനിയും കൂട്ടിൽ വളർത്തിയാൽ ശരിയാവില്ല. അവ വിശാലമായ ലോക

**താമര**

ശുദ്ധജലത്തിൽ വളരുന്നതും പൂക്കൾ ജല നിരപ്പിൽ നിന്ന് ഉയർന്ന് വിരിയുന്നതുമായ സസ്യം ആണ് താമര. താമരയാണ് ഇന്ത്യ, ഈജിപ്ത് എന്നീ രാജ്യങ്ങളുടെ ദേശീയ പുഷ്പം. നെലുമ്പോ നൂസിഫെറാ (Nelumbo nucifera) എന്നാണ് ശാസ്ത്രീയ നാമം. താമരയുടെ സൗന്ദര്യത്തെക്കുറിച്ച കവികൾ ധാരാളം വാഴ്ത്തിയിട്ടുണ്ട്. ഭംഗിയുള്ള കണ്ണുകളെ താമരയോട് ഉപമിക്കാറുണ്ട്. (ഉദാഹരണം: പങ്കജാക്ഷി)

ത്ത് സ്വതന്ത്രമായി പറന്നുനടക്കട്ടെ.

അന്നാദ്യമായി മുല്ലപ്പ ആ കൂടിന്റെ വാതിൽ തുറന്ന് തത്തകളെയെടുത്ത് പുറത്തേക്ക് പറത്തിവിട്ടു.

അത്ഭുതമെന്നേ പറയേണ്ടൂ; തത്തകൾ ഒന്നുപോലും പറന്നുപോയില്ല. മുല്ലപ്പ അവയെ ആട്ടിയകറ്റാൻ നോക്കി. പക്ഷേ, അവയ്ക്ക് പറക്കാൻ കഴിയുന്നില്ല. ചിറകുവിരിച്ച് പറക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ നാലഞ്ചടി അകലേക്ക് മാത്രമേ അവയ്ക്ക് പറക്കാൻ കഴിയുന്നുള്ളൂ.

“പോ പോ. ദൂരെ പറന്നു പോ. പോയി സ്വതന്ത്രമായി ജീവിക്ക്.”

മുല്ലപ്പ തത്തകളെ കൈവീശി അകറ്റിക്കൊണ്ടുപറഞ്ഞു.

അപ്പോൾ മുല്ലപ്പയെ ദയനീയമായി നോക്കിക്കൊണ്ട് തത്തകൾ പറഞ്ഞു:

“ഞങ്ങൾക്ക് പറക്കാൻ അറിയില്ല മുല്ലപ്പാ.”

ഇനി എന്തുചെയ്യേണ്ടു എന്നറിയാതെ മുല്ലപ്പ അന്തിച്ചിരുന്നു. മുറ്റത്തെ മാവിൻകൊമ്പിൽ ഇതെല്ലാം കണ്ടുകൊണ്ടിരുന്ന അണ്ണാറക്കണ്ണൻ പറഞ്ഞു:

“ഇനി ദു:ഖിച്ചിട്ടെന്തു കാര്യം മുല്ലപ്പാ. പറക്കമുറ്റിയ കാലത്ത് അവയെ പറക്കാൻ അനുവദിക്കാതെ കൂട്ടിലടച്ചു വളർത്തിയതിന്റെ ഫലമാണിത്. അവയുടെ സമയം ഏതാണ്ട് കഴിഞ്ഞിരിക്കുന്നു. ഇനിയവയ്ക്ക് സ്വന്തമായ ഒരു നിലനിൽപില്ല. പറക്കാനുള്ള അവയുടെ കഴിവ് എന്നേ നഷ്ടമായിരിക്കുന്നു.”

അണ്ണാറക്കണ്ണൻ പറഞ്ഞതു കേട്ട് മുല്ലപ്പ മിഴിച്ചിരുന്നുപോയി.

# വിശ്വാസിയുടെ ഉപമ

ഇ.എം. അദ്നാൻ

തിരുനബി(സ)യുടെ വിജ്ഞാന സദസ്സ്. സാകൂതം കേട്ടിരിക്കുന്ന സ്വഹാബികൾ. തിരുനബി(സ) ചോദിച്ചു: "മരങ്ങളുടെ കൂട്ടത്തിൽ ഒരു മരമുണ്ട്. അതിന്റെ ഇല പൊഴിയില്ല. വിശ്വാസിയുടെ ഉപമയാണ് ആ മരം. ആ മരത്തിന്റെ പേര് പറയാമോ?"

അവർ താഴ്‌വരയിലെ മരങ്ങളെയെല്ലാം മനസ്സിൽ കണ്ടു.

അബ്ദുല്ലാഹ് ബിൻ ഉമർ(റ)വിന് ഉത്തരമറിയാം, ഈത്തപ്പനയാണ്. പക്ഷെ, കൂട്ടത്തിൽ അബൂബക്കർ സിദ്ദീഖ്(റ)വിനെ പോലെയുള്ളവർ ഇരിക്കുന്നുണ്ട്. ഉപ്പയായ ഉമർ(റ)വുമുണ്ട്. എല്ലാം കൊണ്ടും തന്നെക്കാൾ മുതിർന്നവർ മിണ്ടാതിരിക്കുമ്പോൾ കൂട്ടത്തിൽ ചെറുതായ താൻ ഉത്തരം പറയുന്നത് ശരിയല്ലെന്ന് ഇബ്നു ഉമർ(റ)വിന് തോന്നി. അദബ് പാലിച്ച് അബ്ദുല്ലാഹിബ്നു ഉമർ മിണ്ടിയില്ല.

സ്വഹാബികൾ ആരാഞ്ഞു: "പറയൂ റസൂലരേ... ഏതാണാ മരം?" തിരുനബി(സ) പറഞ്ഞു: "നഖ്‌ല"(ഈത്തപ്പന)യാണത്.

സദസ്സ് പിരിഞ്ഞപ്പോൾ അബ്ദുല്ല(റ) ഉപ്പയോട് കാര്യം പറഞ്ഞു. തനിക്ക് ഉത്തരം അറിയാമായിരുന്നെന്നും ലജ്ജ കാരണം പറഞ്ഞില്ലെന്നും. ഉമർ(റ) പ്രതിവചിച്ചു: "മോനേ, നീ അത് പറഞ്ഞിരുന്നെങ്കിൽ എനിക്കേറെ സന്തോഷമാകുമായിരുന്നു."

(ബറകത്തുള്ള മരമാണെന്നതിനാലും എല്ലാ ഭാഗങ്ങളും ഉപകാരപ്പെടുന്നവയാണെന്നതിനാലുമാകാം വിശ്വാസിയുടെ ഉപമയായി തിരുനബി(സ) ഈത്തപ്പനയെ പരാമർശിച്ചത്)

# ഡമസ്കസ്

## ചരിത്രങ്ങളുറങ്ങുന്ന നഗരം

**മുഹമ്മദ് എ. ടി**

**ലോ**കത്തെ ഏറ്റവും പഴക്കമുള്ള നഗരങ്ങളിലൊന്ന്, ആയിരക്കണക്കിന് വർഷത്തോളം വൻ കച്ചവട കേന്ദ്രം, ചുറ്റും മരുഭൂമി; എന്നിട്ടും ആവശ്യമുള്ളയത്ര വെള്ളം! ഏത് പട്ടണത്തെ കുറിച്ചാണ് നമ്മൾ സംസാരിക്കുന്നതെന്ന് മനസ്സിലായോ? ഇന്നത്തെ സിറിയൻ തലസ്ഥാനമായ ദമസ്കസിനെ കുറിച്ചാണ് ഇപ്പറഞ്ഞതെല്ലാം. കൂടുതൽ അറിയാൻ കൊതിയാവുന്നുണ്ടോ? പറയാം.

അറബിയിൽ ദിമശ്ഖ് എന്നും സിറിയക്കാർകിടയിൽ ശാം എന്നുമെല്ലാമാണ് ദമസ്കസ് വിളിക്കപ്പെടുന്നത്. 'മദീനത്തു യാസ്മീൻ' അഥവാ മുല്ലപ്പൂവിന്റെ പട്ടണം എന്നും നമ്മുടെ ദമസ്കസിന് പേരുണ്ട്.

അയ്യായിരം വർഷമെങ്കിലും ദമസ്കസ് നഗരത്തിന് പഴക്കമുണ്ടാകും എന്നാണ് കണ്ടെത്തൽ. ഈ മഹാനഗരത്തിന് വേണ്ടി പണ്ടുകാലം മുതലേ യുദ്ധങ്ങളും തർക്കങ്ങളുമെല്ലാം ഒരുപാട് നടന്നിട്ടുണ്ടത്രേ, അത്രക്ക് പ്രാധാന്യമുള്ള ഇടമാണെന്ന് ചുരുക്കം. മരുഭൂമികളാൽ ചുറ്റപ്പെട്ട ഈ പട്ടണത്തിന് വെള്ളം നൽകുന്നത് ബറദ നദിയാണ്. ചുട്ടു പൊള്ളുന്ന മരുമണലിന് നടുവിലായിട്ടും വെള്ളത്തിന് യാതൊരു ക്ഷാമവുമില്ലാത്ത ഡമസ്കസ് ഒരു അത്ഭുതം തന്നെ അല്ലെ! കനാൽ വഴിയാണ് നദിയിൽ നിന്നും നഗരത്തിലേക്ക് വെള്ളമെത്തിക്കുന്നത്. ഏഴ് കവാടങ്ങൾ ദമസ്കസിനു ചുറ്റുമുണ്ട്. അതിൽ ഏറ്റവും പഴക്കം ചെന്നതിന് റോമൻ ഭരണ കാലത്തോളം പ്രായമുണ്ട്. അഥവാ യേശുവിനും മുൻപ് 64 വർഷം വരെ പ





ഴക്കം!!

653 ലാണ് അറബ് മുസ്ലിംകൾ ദമസ്കസ് ഭരണം ഏറ്റെടുക്കുന്നത്. 661 മുതൽ 750 വരെ മുസ്ലിം ലോകത്തിന്റെ തലസ്ഥാനമായി ദമസ്കസ് തിളങ്ങി നിന്നു. പതിനാറാം നൂറ്റാണ്ട് മുതൽ പത്തൊൻപതാം നൂറ്റാണ്ട് വരെ ഉസ്മാനികളാണ് ഡമസ്കസിന്റെ ഭരണ ചക്രം തിരിച്ചത്. അക്കാലത്ത് അവിടത്തുകാർ മക്കയിലേക്കും മദീനയിലേക്കുമെല്ലാം ഹജ്ജിനും മറ്റും പോകുന്ന വഴിയിലെ പ്രധാന ഇടത്താവളമായിരുന്നു ദമസ്കസ്. ഇത് നഗരത്തിന്റെ പ്രൗഢി കൂട്ടി.

1920 ൽ ഫ്രാൻസ് സിറിയ പിടിച്ചെടുത്തതോടെ ഡമസ്കസ് അവരുടെ കീഴിലായി. 1964 ൽ സിറിയ ഒരു സ്വതന്ത്ര രാജ്യമായത് മുതൽ ദമസ്കസ് അതിന്റെ തലസ്ഥാനമാണ്. ഇന്നും അങ്ങനെ തുടരുന്നു.

ഉമവി ഭരണകാലത്ത് പണി തീർത്ത ദമസ്കസ് ഗ്രാൻഡ് മസ്ജിദാണ് ഇവിടത്തെ പ്രധാന ശ്രദ്ധാകേന്ദ്രം. എട്ടാം നൂറ്റാണ്ടിൽ നിർമിക്കപ്പെട്ട വലിയ ഈ പള്ളിക്ക് കണ്ണഞ്ചിപ്പിക്കു

ന്ന സൗന്ദര്യവും പ്രൗഢിയുമാണ്. സുൽത്താൻ സ്വലാഹുദ്ദീൻ അയ്യൂബി(റ)യെ കേട്ടിട്ടില്ലേ? കുരിശുയുദ്ധ പടയെ തോൽപ്പിച്ച് ഖുദ്സിലെ പുണ്യഭൂമികൾ തിരിച്ചു പിടിച്ച ആ ധീര പോരാളിയെ ആർക്കാണ് അറിയാത്തത്! അദ്ദേഹത്തിന്റെ ഖബറും ഇവിടെ തന്നെയാണ് സ്ഥിതി ചെയ്യുന്നത്. മുത്ത് നബിയുടെ പേരക്കുട്ടി ഹുസൈൻ(റ)ന്റെ ഇളയ മകളായ റുഖിയ ബീവിയുടെ പേരിലുള്ള സയ്യിദ: റുഖിയ മസ്ജിദും ചരിത്ര പ്രസിദ്ധമാണ്. അൽ ഹാമിദിയ്യ സൂഖും കാണേണ്ടത് തന്നെ. ഉസ്മാനീ ഭരണ കാലത്ത് നിർമിച്ച ഒരു വലിയ അങ്ങാടിയാണിത്. ക്രൈസ്തവരുടെ ദേവാലയമായ ടെമ്പിൾ ഓഫ് ജുപിറ്ററിൽ നിന്നും തുടങ്ങി ഉമവീ പള്ളിയിലാണ് സൂഖ് അവസാനിക്കുന്നത്. ഏറെ പഴക്കമുള്ള ക്രൈസ്തവ ആരാധനാലയങ്ങളും ദമസ്കസിൽ ഇന്നും നിലനിൽക്കുന്നുണ്ട്.

പന്ത്രണ്ടാം നൂറ്റാണ്ടിൽ നൂറുദ്ദീൻ സിൻഖി നിർമിച്ച നൂറുദ്ധീൻ മദ്രസ, സുൽത്താൻ സാഹിർ ബയ്ബാർസ് പണി കഴിപ്പിച്ച സാഹിരിയ്യ ലൈബ്രറി, പതിനാലാം നൂറ്റാണ്ടിൽ നിലവിൽ വന്ന അൽ ആദിലിയ്യ മദ്രസ എന്നിവയാണ് പണ്ടു മുതലേ നിലവിലുള്ള ദമസ്കസിലെ പ്രധാന അറിവിന്റെ കേന്ദ്രങ്ങൾ. നൂറുദ്ദീൻ സിൻഖി തന്നെ പണി തീർത്ത നൂറുദ്ദീൻ ബിമാരിസ്ഥാൻ അഥവാ ആശുപത്രിയും ചരിത്ര സ്മാരകങ്ങളിലൊന്നാണ്.

ഇന്നും പഴമയുടെയും പുതുമയുടെയും ചേർന്നു നിൽപ്പാണ് ദമസ്കസ്. പഴയ നഗരത്തിന് ചുറ്റുമായാണ് പുതിയ ദമസ്കസ് വളരുന്നത്. സിറിയയിലെ ഏറ്റവും വലിയ നഗരവും ഇതു തന്നെ. ഇന്നും പഴയ പ്രതാപം വിളിച്ചോതുന്ന തെരുവുകൾ ഇവിടെയുണ്ട്. പഴയ ജീവിത രീതികളുമായി ജീവിക്കുന്ന മനുഷ്യരെയും ഈ ആധുനിക നഗരത്തിൽ കാണാം. ഇരുന്നൂറിലേറെ പള്ളികൾ ഉള്ളതിനാൽ അവയുടെ തലയെടുപ്പുള്ള മിനാരങ്ങൾ ദമസ്കസിന്റെ ഭംഗി കൂട്ടുന്നു. രണ്ടര ദശലക്ഷത്തിലേറെ ജനങ്ങളാണ് ഇന്ന് ദമസ്കസിൽ ജീവിക്കുന്നത്.



പ്രൊഫസർ ബട്ടൂരയുടെ

# ന്യൂസിലാന്റ് വിശേഷങ്ങൾ




കൂട്ടുകാരേ,

ന്യൂസിലാന്റിൽ പോയിട്ട് വല്യകാര്യമൊന്നുമില്ലാത്ത രണ്ട് കൂട്ടരുണ്ട്. രാഷ്ട്രീയക്കാരും പാമ്പുപിടിത്തക്കാരുമാണവർ!

ലോകത്തിൽവച്ച് ഏറ്റവും അഴിമതി കുറഞ്ഞ രാജ്യമാണ് ന്യൂസിലാന്റ്!

കൈക്കൂലിക്കാർ, തട്ടിപ്പുകാർ, വെട്ടിപ്പുകാർ ഇവർക്കൊന്നും ന്യൂസിലാന്റിൽ സ്ഥാനമില്ല. അതുകൊണ്ടുതന്നെ നമ്മുടെ നാട്ടിലെ അഴിമതി വീരന്മാരായ നേതാക്കൾ ന്യൂസിലാന്റിൽ പോയാൽ നിരാശപ്പെടേണ്ടി വരും.




ന്യൂസിലാന്റിൽ പാമ്പ് എന്നൊരു ജീവിയില്ല! മിക്ക ന്യൂസിലാന്റുകാരും പാമ്പുകളെ നേരിട്ട് കണ്ടിട്ടില്ല. എന്താ കാരണമെന്നോ

അവിടുത്തെ മൃഗശാലകളിൽ പോലും പാമ്പുകൾ ഇല്ല!!

അതുകൊണ്ട് തന്നെ പാമ്പുപിടിത്തക്കാർ ന്യൂസിലാന്റിൽ പോയാൽ പട്ടിണി കിടുക്കുകയേ ഗതിയുള്ളൂ....!!!




മുജ്തബ സി.ടി

# സ്റ്റീവ് ജോബ്സ്

## ലോകത്തെ മാറ്റിയ പ്രതിഭ

**കൂ**ട്ടുകാർ ആപ്പിൾ, ഐ ഫോൺ, ഐപോഡ് എന്നെല്ലാം കേട്ടിട്ടില്ലേ.. നമ്മളിൽ പലരും ചെറുപ്രായത്തിൽ ഇതൊക്കെ വേണമെന്ന് പറഞ്ഞു വാശി പിടിച്ചവരാവും... എന്തുകൊണ്ടാണ് 'ആപ്പിൾ' കമ്പനി ഇത്രയേറെ ജന ശ്രദ്ധ പിടിച്ചു പറ്റിയതെന്ന് ആലോചിച്ചിട്ടുണ്ടോ..?

മറ്റു കമ്പനികളിൽ നിന്നും വ്യത്യസ്തമായി 'ആപ്പിളി'ന്റെ മൊബൈലും മറ്റ് ഉപകരണങ്ങളുമെല്ലാം ലോകത്ത് വലിയ സ്വാധീനം നേടിയിട്ടുണ്ട്. മികച്ച സാങ്കേതിക സൗകര്യങ്ങളും ഉന്നതനിലവാരമുള്ള നിർമ്മാണ വൈദഗ്ധ്യവുമാണ് ആപ്പി


ളിനെ ജനകീയമാക്കിയത്. ഇ വ്വിധത്തിൽ ഒരു കമ്പനി നിർ മ്മിക്കുന്നതിനും തുടർന്നുള്ള അതിന്റെ വളർച്ചക്കും വികാസ ത്തിനും കടിഞ്ഞാൺ പിടിച്ച അതുല്യപ്രതിഭ ആരാണെന്ന് നമുക്ക് പരിചയപ്പെടാം.

അമേരിക്കക്കാരനായ സ്റ്റീവ് ജോബ്സ് എന്ന സാങ്കേതിക വിപ്ലവകാരിയാണ് ഇന്നും ലോ കത്ത് പ്രോജ്ജ്വലിച്ച് നിൽക്കു ന്ന ആപ്പിൾ കമ്പനിയുടെ ഉപ ജ്ഞാതാവ്. ജീവിതത്തിന്റെ ആദ്യകാലഘട്ടങ്ങളിൽ അനു ഭവിക്കേണ്ടിവന്ന വെല്ലുവിളിക ളെ അതിജീവിച്ച് ആത്മവിശ്വാ സവും കഠിന പ്രയത്നവും കൈമുതലാക്കി ലോകത്ത് അ ത്ഭുതം സൃഷ്ടിച്ച വ്യക്തിയാണ ദ്ദേഹം.

## ജനനം, പഠനകാലം

1955 ഫെബ്രുവരി 24ന് അ മേരിക്കയിലെ സാൻഫ്രാൻസി സ്കോയിലാണ് സ്റ്റീവ് ജോബ് സ് ജനിക്കുന്നത്. അബ്ദുൽ ഫ ത്താഹ് ജൻഡാൽ, ജോആൻ സിംപ്സൺ എന്നിവരായിരു ന്നു മാതാപിതാക്കൾ. എന്നാൽ ഈ കുഞ്ഞുപ്രായത്തിൽ ത ന്നെ ജോബ്സിന്റെ കുടുംബം കഷ്ടതയിലായിരുന്നു. കു ഞ്ഞിനെ വളർത്താനും പഠി പ്പിക്കാനുള്ള സാമ്പത്തികശേ ഷി ആ രക്ഷിതാക്കൾക്ക് ഇ ല്ലായിരുന്നു. എന്നാലും തങ്ങ ളുടെ മകന് നല്ല വിദ്യാഭ്യാസം നൽകണമെന്ന് അവർ അതി യായി ആഗ്രഹിച്ചു. അങ്ങനെ സ്റ്റീവിനെ അവർ മക്കളില്ലാതി രുന്ന കാലിഫോർണിയക്കാ രായ പോൾ ജോബ്സ് - ക്ലാ ര ദമ്പതികൾക്ക് നൽകുകയാ യിരുന്നു. ഇവരുടെ കീഴിലാ യിരുന്നു ജോബ്സിന്റെ പി ന്നീടുള്ള കാലം കഴിഞ്ഞത്.

മകന് ഉന്നതമായ വിദ്യാ ഭ്യാസം നൽകണമെന്നും കോളേജിലേക്കയക്കണമെ ന്നുമുള്ള മാതാവിന്റെ നിർബ ന്ധബുദ്ധി കാരണം അവർ അദ്ദേഹത്തെ പ്രാഥമിക വി ദ്യാഭ്യാസത്തിന് ശേഷം പതി നേഴാം വയസ്സിൽ പോർട്ട് ലാൻഡിലെ റീഡ് സ്കൂളിൽ ബിരുദപഠനത്തിന് അയച്ചു. എന്നാൽ വളർത്തച്ഛനും അ മ്മയ്ക്കും തന്റെ പഠനത്തിനു ള്ള ഭീമമായ സാമ്പത്തിക ശേ ഷിയില്ല എന്ന് തിരിച്ചറിഞ്ഞ






ജോബ്സ് കുറഞ്ഞ വർഷത്തിനുള്ളിൽ തന്നെ ആ പഠനജീവിതം ഉപേക്ഷിക്കുകയായിരുന്നു.

## തൊഴിൽ തേടി

പഠനം മുന്നോട്ടു കൊണ്ടുപോകാനാവാത്ത ജോബ്സ് തുടർന്ന് ഒരു കമ്പനിയിൽ ചെറിയ ജോലിക്ക് ചേരുകയും അവിടെനിന്ന് വോസ്കിൻ എന്ന പുതിയ സുഹൃത്തിനെ പരിചയപ്പെടുകയും ചെയ്തു. ഈ രണ്ടു പ്രതിഭകളുടെ കൂട്ടുകെട്ടായിരുന്നു 'ആപ്പിൾ' കമ്പനിയുടെ ഉത്ഭവത്തിലേക്ക് നയിച്ചത്. പിന്നീട് സുഹൃത്തിന്റെ കൂടെ ഒരു കമ്പ്യൂട്ടർ ക്ലബ്ബിൽ ജോലിക്ക് ചേരുകയും കമ്പ്യൂട്ടർ ഉപകരണ നിർമ്മാണത്തിന് തുടക്കം കുറിക്കാം എന്ന ആശയത്തിലേക്ക് അവർ എത്തുകയും ചെയ്തു.

## ആപ്പിൾ യുഗം

1977ലാണ് 'ആപ്പിൾ1' എന്ന പേരിൽ അവരുടെ ആദ്യ കമ്പ്യൂട്ടർ അവതരിപ്പിച്ചത്. പിന്നീട് വൈകാതെ തന്നെ ആപ്പിൾ രണ്ട് നിർമ്മിക്കുകയും 1980കളോടെ ആപ്പിൾ ഉപകരണങ്ങൾ ജനങ്ങൾ ശ്രദ്ധിക്കാൻ തുടങ്ങുകയും ചെയ്തു. കമ്പനിയുടെ ഉപകരണങ്ങൾ അമേരിക്കയിലും തുടർന്നു മറ്റുരാഷ്ട്രങ്ങളിലും വലിയ ജനസ്വാധീനം നേടുകയുണ്ടായി. ഇരുപത്തിയഞ്ചാം വയസ്സിൽ തന്നെ അദ്ദേ

ഹം വലിയ സാമ്പത്തിക നില യിലെത്തിയിരുന്നു. എന്നാൽ ഒരിക്കലും പണത്തിനു വേണ്ടി യല്ല തന്റെ പ്രവർത്തനങ്ങളെ ന്ന് സ്റ്റീവ് ജോബ്സ് എല്ലായ് പോഴും പറയുമായിരുന്നു.

1985ൽ കമ്പനിയിലെ ചില പ്രശ്നങ്ങൾ കാരണം അദ്ദേ ഹം പുറത്താക്കപ്പെടുകയുണ്ടാ യി. എന്നാൽ ഇക്കാരണത്താൽ അദ്ദേഹം ഒരിക്കലും തന്റെ പ രിശ്രമങ്ങളും ഗവേഷണങ്ങളും അവസാനിപ്പിച്ചില്ല.'നെക്സ്റ്റ്' എന്ന പേരിൽ ഒരു കമ്പനി തുടങ്ങുകയും അതിനു കീ ഴിൽ പുതിയ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. 1996 ആപ്പിൾ കമ്പനി വലിയ പ്രതി സന്ധി നേരിട്ട കാലത്തെ സ്റ്റീ വ് ജോബ്സിനെ വീണ്ടും ക മ്പനിയിലേക്ക് എത്തിച്ചു. ഈ മടങ്ങിവരവിന് ശേഷമാണ് ഐ ഫോൺ, ഐ പോഡ്തുട ങ്ങിയ വൈവിധ്യനിർമ്മിതി കൾ കമ്പനി പുറത്തിറക്കിയത്. വലിയ പരാജയത്തിലേക്ക് നീ ങ്ങിയിരുന്ന ആപ്പിളിനെ ജോ ബ്സ് തന്റെ ക്രിയാത്മകവും അ ടങ്ങാത്ത പരിശ്രമങ്ങളും കാര ണം കൈപിടിച്ചുയർത്തുകയും ലോകത്ത് തുല്യതയില്ലാത്ത വിധം മികച്ച മൂല്യമേറിയ ടെ ക്നോളജി കമ്പനി ആക്കി മാറ്റുകയും ചെയ്തു. പിന്നീ ട് കമ്പനി ലോകം ഇതുവരെ കണ്ടിട്ടില്ലാത്ത മികച്ച രീതി യിലുള്ള പല പ്രൊഡക്റ്റുക ളും അദ്ദേഹത്തിന്റെ കീഴിൽ കമ്പനി വിപണിയിലെത്തി ച്ചു.

ദീർഘകാലം ആപ്പിളിന്റെ സിഇഒ ആയി പ്രവർത്തിച്ച അദ്ദേഹത്തിന് 2004 അർബു ദരോഗം ബാധിച്ചു. എന്നാൽ അതൊന്നും ഗൗനിക്കാതെ തന്റെ കണ്ടുപിടുത്തങ്ങൾ അദ്ദേഹം തുടർന്നുകൊണ്ടി രുന്നു. 2011 ഒക്ടോബർ അഞ്ചി ന് തന്റെ അൻപത്തിയാറാം വയസ്സിൽ ഈ അത്ഭുതപ്രതി ഭ ലോകത്തോട് വിട പറ ഞ്ഞു.

കുട്ടിക്കാലത്തും പഠനകാ ലത്തും പിന്നീട് ജോലിസ്ഥ ലത്തും വളരെ ഏറെ കഷ്ടത കൾ നേരിരിട്ടു. കഠിനപ്രയത് നം ചെയ്തു ഉന്നതിയി ലെത്തിയ ജോബ്സ് വിദ്യാർ ഥികളായ നമുക്ക് വലിയ മാ തൃകയും പ്രചോദനവുമാണ്.

# കളിക്കളം


## പ്ലീസ് സഹായിക്കുമോ ?

പൂച്ചക്കുട്ടന് പാൽ കുടിക്കാൻ വഴി കാണിച്ചു കൊടുക്കാമോ ?



നിങ്ങളുടെ വീടിനെക്കുറിച്ച് ഇംഗ്ലീഷിൽ ഒരു കുറിപ്പ് എഴുതാമോ...?

## വ്യത്യാസം കണ്ടുപിടിക്കൂ...




ചിത്രം എയും ബിയും തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തൂ...

## നിറംകൊടുത്ത് പൂവിനെ ഭംഗിയാക്കൂ....



# കുട്ടന്റെ അഹങ്കാരം

**മൈമൂനാസ് വെള്ളിമാട്കുന്ന്**

സന്ധ്യാസമയത്താണ് മാളു ഏടത്തി കോഴിക്കൂട് അടയ്ക്കാനായി മുറ്റത്തേക്കിറങ്ങിയത്. പിടക്കോഴികളെല്ലാം കൂട്ടിൽ കയറിയിട്ടും പൂവൻകോഴിയായ കുട്ടൻ കൂടിന് അടുത്തു തന്നെ നിൽക്കുകയായിരുന്നു.

മാളു ഏടത്തിയെ കണ്ടതും കുട്ടൻ പറന്നുയർന്ന് സ്ഥിരം ഇരിക്കാനുള്ള മരക്കൊമ്പിൽ കയറിയിരുന്നു.

“നീ ഇന്നും മരത്തിൽ കയറിയല്ലേ? ഇറങ്ങെടാ താഴോട്ട്.”

അങ്ങനെ പറഞ്ഞുകൊണ്ട് മാളുഏടത്തി കല്ലെടുത്ത് അവനെ എറിയാൻ തുടങ്ങി.

ഏറ് കൊള്ളാതെ ഒഴിഞ്ഞു മാറിക്കൊണ്ട് കുട്ടൻ മനസ്സിൽ പറഞ്ഞു:

“ഇല്ല മാളുഏടത്തീ, ഇന്ന് നിങ്ങൾക്കെന്നെ തള്ളിയിടാൻ കഴിയില്ല. ആ കുശുമ്പികളായ പിടക്കോഴികളുടെ കൂടെ ഉറങ്ങാൻ എനിക്ക് ഇഷ്ടമില്ലാത്തതുകൊണ്ടാണ് എന്നും ഞാനീ മരത്തിലേക്ക് കയറുന്നത്.”

മാളുഏടത്തി കല്ലേറിയൽ നിർത്തിയ ശേഷം ഒരു കമ്പെടുത്ത് കൊണ്ടുവന്ന് കുട്ടനെ കുത്തിത്താഴെയിറക്കാൻ ശ്രമിച്ചു.

കുട്ടൻ മരക്കൊമ്പിൽ അള്ളിപ്പിടിച്ചിരുന്നു.

മാളുഏടത്തിക്ക് വല്ലാതെ ദേഷ്യം വന്നു. അവർ പറഞ്ഞു: “കുട്ടാ, നീ താഴേക്കിറങ്ങ്. കുറുക്കൻ വന്നാൽ നിന്നെ പിടിച്ചു തിന്നും.”

“എന്നെ പിടിക്കണമെങ്കിൽ കുറുക്കൻ ഇങ്ങോട്ട് കയറി വരണ്ടേ? മരം കയറാനറിയുന്ന കുറുക്കൻമാരുണ്ടോ ഈ നാട്ടിൽ?”

കുട്ടൻ തലയുയർത്തിപ്പിടിച്ചുകൊണ്ട് അഹങ്കാരത്തോടെ ചോദിച്ചു.

വടി അവിടെയിട്ട് അരിശത്തോടെ മാളു ഏടത്തി വീടിനുള്ളിലേക്ക് കയറിപ്പോയി.


രാത്രിയിൽ ഒരു കൂവൽ കേട്ടാണ് കുട്ടൻ ഞെട്ടിയുണർന്നത്. കണ്ണുമിഴിച്ച് നാലുപാടും നോക്കിയപ്പോൾ ഒരു കുറുക്കൻ താഴെ നിന്ന് മുകളിലേക്ക് നോക്കി നിൽക്കുന്നതാണ് കണ്ടത്.

അവൻ പേടിച്ചു വിറച്ചു.

കുറുക്കൻ വീണ്ടും കൂകി.

എവിടെ നിന്നോ അനേകം കുറുക്കൻമാർ അതേറ്റു കൂകിക്കൊണ്ട് കുട്ടനിരിക്കുന്ന മരത്തിനു ചുവട്ടിലേക്ക് വന്നു. അവന് തല കറങ്ങുന്നതായി തോന്നി.

ഞാനിപ്പോൾ താഴേക്ക് വീഴുമെ




ന്നും കുറുക്കൻമാരുടെ വയറ്റിലെത്തു മെന്നും മനസ്സിലായപ്പോൾ വിറയലോ ടെ കുട്ടൻ ഉറക്കെ വിളിച്ചു:

"മാളുഏടത്തീ...കൊക്കക്കോ...."

ഉറങ്ങിക്കിടക്കുകയായിരുന്ന മാളു ഏടത്തിയുടെ ചെവിയിലേക്ക് കുട്ടന്റെ ശബ്ദമെത്തി.

അവർ തട്ടിപ്പിടഞ്ഞെണീറ്റ് പുറത്തേ ക്കുള്ള വാതിൽ തുറന്നു.

മരത്തിനു ചുവട്ടിൽ മേലോട്ട് നോ ക്കി നിൽക്കുന്ന കുറുക്കൻമാരെ ടോർ ച്ചിന്റെ വെളിച്ചത്തിൽ മാളു ഏടത്തി ക ണ്ടു.

വെപ്രാളപ്പെട്ട് അവർ മരത്തിനടു ത്തെത്തിയപ്പോൾ കുറുക്കൻമാർ ഓ ടി രക്ഷപ്പെട്ടതും പേടിച്ച് വിറച്ച് കു ട്ടൻ താഴേക്ക് വീണതും ഒന്നിച്ചായി രുന്നു.

കുട്ടന്റെ അഹങ്കാരമെല്ലാം അ തോടെ തീർന്നു.

മൂത്തവർ വാക്കും മുതുനെല്ലിക്ക യും ആദ്യം കൈയ്ക്കും പിന്നെ മധു രിക്കും.


അങ്ങനെ പിടക്കോഴികൾ കൂ ട്ടിൽ നിന്ന് പറയുന്നുണ്ടായിരുന്നു.


മിസ്റ്റർ മണ്ടപ്പൻ
തല്ലിപ്പൊളിയും ചെന്നായനും സീരിയസായ ആലോചനയിലാണ്
കോവിഡ് കാലമാണല്ലോ ബോസ്
ഹതേടാ
ഒരു പണിയും നടക്കുന്നില്ല
ഒത്തുവന്നാലോ ആ അപ്പന്മാർ എല്ലാം തകർക്കുകയും ചെയ്യുന്നു.
അവൻമാരെ ഇരുത്താതെ ഇനിയങ്ങോട്ട് മുന്നോട്ടു പോകില്ല, ഡാ!
എങ്ങനെ ബോസ്



ലാന്റ് ഫോണിൽ അപ്പന്മാരെ വിളി!
ശബ്ദം മാറ്റി ഞാൻ പറയണ പോലെ പറയണം
അങ്ങനെ
അപ്പന്മാരേ, ഹെൽപണം കരടി മുക്കിലെ വളവിൽ...
...വെച്ച് എന്റെ അഞ്ചുപവന്റെ മാലയുമായി ഒരു കള്ളൻ
ങേ! പട്ടാപ്പകൽ മാലമോഷണമോ മച്ചൂ! ഹറിയപ്പ്!


മച്ചൂ. നമുക്ക് പ്രവർത്തിക്കാൻ ടൈമായെഡേ!
ഞാൻ റെഡി ബോസ്
ഹ! ഹ! ഹ! ഏറ്റു ബോസ്! അപ്പന്മാർ പുറപ്പെട്ടു.
ആ വളവിൽ നിലത്ത് അറിയാത്ത രീതിയിൽ കട്ടി ഗ്രീസ് ഒഴിക്കണം
പുറപ്പെടാൻ തുടങ്ങിയ അപ്പന്മാർക്ക് ഏമാൻമാരുടെ ഫോൺ
അപ്പന്മാരേ, ഹെൽപ്പണം!
എന്താണ് ഏമാനേ
ചിന്നമുക്ക് ക്ഷേത്രത്തിലെ വിഗ്രഹം കളവ് പോയി



അത് അന്വേഷിച്ചു കണ്ടു പിടിക്കണം!
ചതിച്ചോ
ഇതിപ്പോ കുന്നിൻമേൽ കുരുവായല്ലോ മച്ചൂ!
അങ്ങനെ
കരടിമുക്കിലെ വളവിലെത്തിയ അപ്പന്മാരുടെ ബൈക്ക്
അണ്ണേ...
മച്ചൂ...
അപ്പന്മാർ ചെന്നു വീണതോ..


മുങ്ങാംകുഴിയിട്ട് പൊങ്ങിയ അപ്പന്മാർ
ഹമ്മേ കരിംഭൂതം!!
ഇത് ഞാനാടാ മച്ചൂ!
എന്റെ ഫോൺ എ ന്തിയേ മച്ചൂ
ചാണക ത്തിൽ തപ്പ്, അണ്ണേ
മൊബൈൽ ഫോൺ തപ്പിയ മണ്ടപ്പന്റെ കൈയ്യിൽ തടഞ്ഞത് പക്ഷേ...
ഹയ്യേ! ഇതെന്താണ് മച്ചൂ..


കരയിൽ കയറി കിട്ടിയ സാധനം വൃത്തിയാക്കിയപ്പോൾ
ഹിത് ഒരു വിഗ്രഹമാണല്ലോ അണ്ണേ!
ഏമാന്മാർ നമ്മെ ഏൽപിച്ച കേസ് സക്സസ്സ്
ദേ നോക്കണ്ണേ ഒരുത്തൻ!
അവൻ തന്നെ മോഷ്ടാവ്
നില്ലെടാ അവിടെ
ഒടുവിൽ
ഈ അപ്പന്മാർ ഒരു സംഭവം തന്നെയാണേ
ഹഹഹ

# കിണറും വെള്ളവും

**റൈഹാൻ**

ഒരു ദിവസം, ഒരു കർഷകൻ തന്റെ കൃഷിസ്ഥലത്തിലേക്ക് വെള്ളമെത്തിക്കാൻ ഒരു കിണർ അന്വേഷിക്കുകയായിരുന്നു. അങ്ങനെ തന്റെ അയൽക്കാരനിൽ നിന്ന് അയാൾ ഒരു കിണർ വാങ്ങി. അയൽക്കാരൻ തന്ത്രശാലിയായിരുന്നു. അടുത്ത ദിവസം, കൃഷിക്കാരൻ കിണറ്റിൽ നിന്ന് വെള്ളമെടുക്കാൻ വന്നപ്പോൾ, അയൽക്കാരൻ വെള്ളമെടുക്കാൻ അനുവദിച്ചില്ല.

അയൽക്കാരൻ മറുപടി പറഞ്ഞു: “ഞാൻ നിങ്ങൾക്ക് കിണർ മാത്രമാണ് വിറ്റത്, വെള്ളം വിറ്റിട്ടില്ല.” ഇതുകേട്ട് വിഷമിച്ച കർഷകൻ നീതി തേടി ചക്രവർത്തിയുടെ ദർബാറിലെത്തി. സംഭവിച്ച കാര്യങ്ങൾ അദ്ദേഹം രാജസന്നിധിയിൽ വിശദീകരിച്ചു.



# പൂമരം

പൂമരത്തിൻ ചോട്ടിൽ
പൂക്കളുണ്ടല്ലോ
പൂപെറുക്കാൻ വട്ടിയുമായ്
ഞാനവിടെ ചെന്നല്ലോ!
പൂക്കളെല്ലാം വട്ടിയിൽ
ഞാൻ വാരി വച്ചല്ലോ
പൂന്തണലിൽ കുറച്ചിള
വേറ്റിരുന്നല്ലോ!



**മടവൂർ രാധാകൃഷ്ണൻ**

ചക്രവർത്തി തന്റെ ബുദ്ധിമാനായ സഹചാരിയായ ബീർബലിനെ വിളിച്ചു. അയൽക്കാരനോട് ബീർബൽ ചോദിച്ചു: “എന്തുകൊണ്ടാണ് നിങ്ങൾ കിണറ്റിൽ നിന്ന് വെള്ളം എടുക്കാൻ കർഷകനെ അനുവദിക്കാത്തത്? നിങ്ങൾ കിണർ കർഷകന് വിറ്റതല്ലേ?”

അയൽക്കാരൻ മറുപടി പറഞ്ഞു: “ബീർബൽ, ഞാൻ കിണർ മാത്രമാണ് കർഷകന് വിറ്റത്, അതിനുള്ളിലെ വെള്ളം എന്റേതു തന്നെയാണ്. അതെടുക്കാൻ അദ്ദേഹത്തിന് അവകാശമില്ല.”

ബീർബൽ പറഞ്ഞു: “നോക്കൂ, നിങ്ങൾ കിണർ കർഷകന് വിറ്റതാണല്ലോ, അപ്പോൾ കർഷകന്റെ കിണറ്റിൽ വെള്ളം സൂക്ഷിക്കാൻ നിങ്ങൾക്കും അവകാശമില്ല. ഒന്നുകിൽ നിങ്ങൾ കർഷകന് വാടക കൊടുക്കുക, അല്ലെങ്കിൽ ഉടനടി വെള്ളം മുഴുവൻ പുറത്തെടുക്കുക.”

തന്റെ തന്ത്രം പരാജയപ്പെട്ടുവെന്ന് മനസ്സിലാക്കിയ അയൽക്കാരൻ കർഷകനോട് ക്ഷമ ചോദിച്ച് വീട്ടിലേക്ക് പോയി. കിണറ്റിൽ നിന്ന് വെള്ളമെടുത്ത് കർഷകൻ തന്റെ തോട്ടം നനച്ചു. പിന്നീടുള്ള കാലം സുഖമായി ജീവിച്ചു.

# നന്മയുടെ ഉപ്പ്

**ചാരു**

ഉണ്ണിക്കുട്ടന്റെ വീട്ടിൽ കുറെ പച്ചക്കറികൾ ഉണ്ട്...

ചുവന്നു തുടുത്ത തക്കാളി സുന്ദരിയും, പടവലവും, നീളൻ മുരിങ്ങക്കോലും, വഴുതനങ്ങക്കുട്ടന്മാരുമെല്ലാം നിരനിരയായി കിടക്കുന്നു.

ഉണ്ണിക്കുട്ടന്റെ അമ്മ എന്നും ഇവരെ ഓരോരുത്തരെയായി പറിച്ചു കറി വെക്കും.

ഓരോ ദിവസവും വെള്ളമൊഴിച്ച് അമ്മ അവരെ നനയ്ക്കും.

വെള്ളത്തിൽ കുളിച്ചു സുന്ദരിയായി നിൽക്കുന്ന പച്ചക്കറികളെ നോക്കി അയൽക്കാർ നിൽക്കും.

ആൾക്കാരുടെ ഈ നോട്ടം കാണുമ്പോൾ തക്കാളിപ്പെണ്ണിനും കൂട്ടർക്കും വലിയ ഗമയാണ്.

ഒരിക്കൽ തക്കാളിയും, മുരിങ്ങക്കോലും മറ്റുള്ളവരും ആ വീട് വിട്ടു പോകാൻ തീരുമാനിച്ചു.

അവർ ചെടിയിൽ നിന്നു ചാടിയിറങ്ങിപ്പോകുന്നത് അടുക്കളയിൽ മൺകലത്തിലിരുന്ന കല്ലുപ്പ് കണ്ടു.

അയ്യോ നിങ്ങൾ പോകരുതേ, നിങ്ങൾ പോയാൽ ഉണ്ണികുട്ടനും വീട്ടുകാരും പട്ടിണിയിലാകും. നിങ്ങളെ പറിച്ചുവിറ്റും കറി വച്ചുമല്ലേ ആ പാവം വീട്ടുകാർ ജീവിക്കുന്നത്, നിങ്ങളവരെ ഉപേക്ഷിച്ചാൽ അവരെങ്ങനെ ജീവിക്കും? അത് കൊണ്ട് നിങ്ങൾ പോകല്ലേയെന്നു പറഞ്ഞ് കരഞ്ഞുകൊണ്ട് കല്ലുപ്പ് അവർക്കു പിന്നാലെയോടി.

അപ്പോഴാണ് ആകാശം കറുത്തിരുണ്ടത്.

ഒപ്പം തന്നെ ഇടിയോടു കൂടിയ മഴയും തുടങ്ങി. പച്ചക്കറികൾ ഒരു മരത്തിന്റെ കീഴിൽ ഒതുങ്ങി നിന്നു.

കല്ലുപ്പ് മഴ വീണപ്പോൾ അലിയാൻ തുടങ്ങി. അവൻ വേഗം ഒരു വലിയ ഇലയുടെ ചുവട്ടിൽ കയറി നിന്നു.

പച്ചക്കറികൾ അത് കണ്ട് അവനെ കളിയാക്കി.

“ഒരു മഴ കൊണ്ടാൽ അ



ലിയുന്ന നീയാണോ ഞങ്ങളെ തടയാൻ വരുന്നത്? ഞങ്ങളുടെ ഗുണവും മണവും പോഷകവും നിനക്കുണ്ടോ? നീ അൽപം കൂടിയാൽ അന്ന് വീടുകളിൽ വഴക്കാണ്, നീ കുറഞ്ഞാലോ അതിനും വഴക്കു തന്നെ. അങ്ങനെയുള്ള നീയാണോ ഞങ്ങളെ തടയാൻ വരുന്നത്?" എന്നും തന്നെ കളിയാക്കുന്ന പച്ചക്കറികൾക്ക് മുന്നിൽ കല്ലുപ്പ് തലയും കുമ്പിട്ടു നിന്നു.


മഴയൊന്നു മാറിയപ്പോൾ പച്ചക്കറികൾ വീണ്ടും യാത്ര തുടർന്നു.

കല്ലുപ്പും പാതിയലിഞ്ഞ നിലയിൽ അവരുടെ പിന്നാലെ പോയി. പെട്ടന്നായിരുന്നു അവർ പോകുന്ന വഴിയിൽ വലിയൊരു കുഴിയുണ്ടായത്. ആ കുഴിയിലൂടെ അവർ ഉരുണ്ടുരുണ്ട് താഴേക്കുപോയി.

ചെന്നുപെട്ടത് ഒരു പുതിയ രാജ്യത്തായിരുന്നു.അവിടെ വിരൽവലുപ്പത്തിലുള്ള കുഞ്ഞു മനുഷ്യരായിരുന്നു ഉണ്ടായിരുന്നത്. ഉരുണ്ടുവരുന്ന തക്കാളിയെയും മുരിങ്ങക്കോലിനെയുമെല്ലാം അവർ അത്ഭുതത്തോടെ നോക്കി.

അവരിൽ ചിലർ പച്ചക്കറികളെ കയ്യിലെടുക്കാൻ ശ്രമിച്ചു, അവരിൽ നിന്നും രക്ഷപ്പെടാൻ ചാടിയ തക്കാളി ഒരു വലിയ കല്ലിൽ ഇടിച്ചു വീണു. അവളുടെ ഒരു ഭാഗം ചതഞ്ഞു നീര് വന്നു.

ഒരു കുഞ്ഞുമനുഷ്യൻ മു



രിങ്ങക്കോൽ നിലത്തു കുത്തി യുയർന്നു. മുരിങ്ങക്കോൽ നടുഭാഗം രണ്ടായി ഒടിഞ്ഞു വീണു.

വഴുതനങ്ങക്കുട്ടൻ ഇതു കണ്ടതോടെ ഓടെടാ ഓട്ടം. രണ്ടുമൂന്നു കുഞ്ഞുമനുഷ്യന്മാർ വഴുതനങ്ങക്കുട്ടനെ വട്ടംപിടിച്ചു എറിഞ്ഞു കളിക്കാൻ തുടങ്ങി.

ഓരോ എറിയലിലും വഴുതനങ്ങക്കുട്ടന്റെ ചുണ്ടും മൂക്കുമെല്ലാം ചതഞ്ഞു. അവൻ ഏങ്ങിയേങ്ങിക്കരയാൻ തുടങ്ങി.

പെട്ടെന്നാണ് കുഞ്ഞുമനുഷ്യന്മാർ കളി നിർത്തി എന്തോ ശ്രദ്ധിച്ചത്. അവരെല്ലാം എവിടേക്കോ ഓടിയൊളിച്ചു. ഒരു പെരുമ്പറയുടെ ശബ്ദമായിരുന്നു കേട്ടത്.

ഒരു തടിയൻ വലിയ മരത്തടിയിലൂടെ എന്തോ ഉറക്കെ വിളിച്ചു പറയുന്നുണ്ടായിരുന്നു:

"രാജ്യത്തെ രാജകുമാരി ഭക്ഷണം കഴിക്കുന്നില്ല. ആകെ കഴിക്കുന്നത് പഴങ്ങൾ മാത്രമാണ്. രാജകുമാരിയെ ഭക്ഷണം കഴിപ്പിക്കുന്നവർക്ക് ഒരു പണക്കിഴി സമ്മാനം" ഇതായിരുന്നു അയാൾ വിളിച്ചു പറഞ്ഞു കൊണ്ടിരുന്നത്.

ഒരു കരിയിലയുടെ കീഴിലിരുന്ന കല്ലുപ്പ് ആലോചിച്ചു. എന്തായിരിക്കും രാജകുമാരി ഭക്ഷണം കഴിക്കാത്തത്?

എത്ര ആലോചിച്ചിട്ടും അവന് അതിന്റെ കാരണം മനസ്സിലായില്ല.

അപ്പോഴാണ് അവൻ തന്റെ അടുത്ത് ഒരാൾ കിടന്നുറങ്ങുന്നത് ശ്രദ്ധിച്ചത്. കല്ലുപ്പ് വേഗം അയാളെ ഉണർത്തി. കീറിപ്പറിഞ്ഞ കുപ്പായമിട്ട അയാളൊരു ദരിദ്രനാണെന്ന് കല്ലുപ്പിനു മനസ്സിലായി.

കല്ലുപ്പ് അയാളോടു ചോദിച്ചു: "എന്താണ് രാജകുമാരിയുടെ പ്രശ്നം, എന്തെങ്കിലും അസുഖം ആണോ?"

അയാൾ കല്ലുപ്പിനെ സൂക്ഷിച്ചുനോക്കി ചോദിച്ചു: "നീയാരാ, അത് ആദ്യം പറയൂ."

കല്ലുപ്പ് ചിരിച്ചുകൊണ്ട് പറഞ്ഞു: "ഞാനോ, ഞാനാണ് കല്ലുപ്പ്. എന്നെ അറിയില്ലേ?"

ആ മനുഷ്യൻ അത്ഭുതത്തോടെ ചോദിച്ചു: "കല്ലുപ്പോ, അതെന്താ സാധനം?"

"നിങ്ങൾ ഭക്ഷണത്തിൽ ഉപ്പിടാറില്ലേ, ഉപ്പ് അല്ലേ ഭക്ഷണത്തിനു രുചിയുണ്ടാക്കുന്നത്?" ആ മനുഷ്യൻ പറഞ്ഞു: "ഇല്ല, ഞങ്ങളാരും ആ സാധനത്തെക്കുറിച്ച് കേട്ടിട്ടേയില്ല." ഇതും പറഞ്ഞ് അയാൾ കല്ലുപ്പി

നെ ഒന്നുതൊട്ട് തന്റെ നാവിൽ വെച്ചു. "ത്ഫൂ, ഇതാണോ രുചിയുള്ള സാധനം! പോ ഇവിടുന്ന്." ഇതും പറഞ്ഞു അയാൾ കല്ലുപ്പിനെ തള്ളിമാറ്റി...

കല്ലുപ്പ് ചെന്നു വീണതൊരു പുളിമരത്തിന്റെ കുഞ്ഞുതൈയിലായിരുന്നു...

അവൻ വേഗം അതിൽ നിന്ന് ഒരില പറിച്ചു ആ മനുഷ്യന് കൊടുത്തു കഴിക്കാൻ പറഞ്ഞു. അയാൾ അത് വാങ്ങി വായിലിട്ട് ചവച്ചിട്ട് പറഞ്ഞു: "ഇതും വല്ലാത്ത പുളിയാണ്, കഴിക്കാൻ പറ്റില്ല."

കല്ലുപ്പ് ഒരു നുള്ള് ഉപ്പ്കൂടി വച്ചു ഒരു പുളിയില അയാൾക്കു കഴിക്കാൻ കൊടുത്തു. അത് കഴിച്ച അയാളുടെ മുഖം വിടർന്നു. "ഹാ എന്ത് രുചിയാണിതിന്!"

കല്ലുപ്പ് ആ മനുഷ്യനോടു പറഞ്ഞു: "എന്നെയും കൊണ്ട് നിങ്ങൾ കൊട്ടാരത്തിലേക്ക് പോകുക. രാജകുമാരിയുടെ അസുഖം നിങ്ങൾ ഭേദമാക്കും എന്ന് പറയുക."

കല്ലുപ്പ് പറയുന്നതു കേട്ട് ആ മനുഷ്യൻ രാജാകൊട്ടാരത്തിലേക്കു പോയി. തന്റെ ആഗമനോദ്ദേശ്യം പറഞ്ഞു. അത് കേട്ടവർ കളിയാക്കിച്ചിരിച്ചു.

അയാൾ അതൊന്നും ശ്രദ്ധിക്കാതെ രാജാവിനു മുന്നിലെത്തി. അയാളുടെ ദാരിദ്ര്യം വിളിച്ചോതുന്ന വേഷം കണ്ടപ്പോൾ രാജാവ് പറഞ്ഞു: "വലിയ വൈദ്യന്മാർ ശ്രമിച്ചിട്ടും നടക്കാത്ത കാര്യമാണ്, എങ്കിലും നിനക്കു ഞാൻ ഒരവസരം നൽകാം."

അപ്പോൾ ആ മനുഷ്യൻ രാജാവിനോട് ഒരു കപ്പ് സൂപ്പ് ആവശ്യപ്പെട്ടു..

സൂപ്പ് എത്തിയപ്പോൾ തന്റെ കയ്യിലുള്ള ഉപ്പിൽ നിന്നു ഒരു ചെറിയ കഷ്ണം മുറിച്ചെടുത്തു അയാൾ ആ സൂപ്പിലേക്കിട്ടു, എന്നിട്ടത് രാജകുമാരിക്ക് നൽകി. മുഖം ചുളിച്ചു സൂപ്പ് ഒരിറയ്ക്കു കുടിച്ച രാജകുമാരിയുടെ മുഖം വിടർന്നു.

രാജകുമാരി ആ സൂപ്പ് മുഴുവൻ കുടിച്ചു. രാജാവിന്റെ സന്തോഷത്തിനു അതിരുണ്ടായില്ല.

രാജാവ് വിളംബരം ചെയ്തിരുന്ന സമ്മാനപ്പൊതി അയാൾക്ക് നൽകുകയും തന്റെ അടുക്കളയുടെ ഭരണം അയാളെ ഏല്പിക്കുകയും ചെയ്തു.

തന്റെ കയ്യിലിരിക്കുന്ന ഉപ്പുകല്ലിനെ അയാൾ നന്ദിയോടെ നോക്കി. തന്നിൽ നിന്ന് ഒരു ഭാഗം അയാളെ ഏല്പിച്ചു കല്ലുപ്പ് വീണ്ടും യാത്രയായി.

നോവൽ – 30 / മുഹമ്മദ് പാറന്നൂർ

# പ്രകൃതിനാട്ടിലെ സുകൃതികുട്ടന്മാർ

## കുറുക്കന്മാരുടെ വരവ്

**അ**ന്നു പിന്നെ ഉറക്കം വന്നതേയില്ല. കട്ടു തിന്ന കൊപ്ര വയറ്റിൽ കിടന്ന് ഇളകിമറിഞ്ഞുകൊണ്ടിരിക്കുന്നു. തണുപ്പാണെങ്കിൽ ശരീരത്തിലേക്ക് കുത്തിക്കയറുന്നുമുണ്ട്. നല്ല തണുപ്പും മഞ്ഞുമുള്ള ഒരു രാത്രിയാണതെന്ന് നിലത്ത് വിരിച്ച പായിൽ ഉറക്കം വരാതെ ഉരുണ്ടു കളിക്കുമ്പോഴാണ് ബോധ്യമായത്.

ഞാൻ മെല്ലെ കണ്ണു തുറന്ന് പോക്കുവിനെ നോക്കി. കണ്ണടച്ചു കിടക്കുകയാണെങ്കിലും അവനും ഉറങ്ങുകയായിരുന്നില്ല. കൊപ്ര കട്ടുതിന്നതിനെക്കുറിച്ചാലോചിച്ചു കിടക്കുകയായിരിക്കും കള്ളൻ. എനിക്കപ്പോൾ തോന്നി, ആരോ എന്നെയും കള്ളനെന്ന് വിളിക്കുന്നുവെന്ന്. കളവിനെക്കുറിച്ചുള്ള പാഠമെടുത്തപ്പോൾ ഉസ്താദ് പറഞ്ഞ വാക്കുകൾ ഓർമ്മയിലെത്തി; “ആന കട്ടവനും അടയ്ക്ക കട്ടവനും കള്ളൻ തന്നെയാണ്.” അടക്കയെക്കാളും വലുതാണിപ്പോൾ കട്ടെടുത്തിരിക്കുന്നത്. അപ്പോൾ പോക്കു മാത്രമല്ല ഞാനും കള്ളൻ തന്നെ!

പടച്ചോനേ, കട്ടെടുത്തതിന് നാളെ പരലോകത്ത് എന്നെ നരകത്തിലിടുമോ? അതോർത്ത

പ്പോൾ ശരീരത്തിലാകെ തീയാളുന്നതു പോലെ പൊള്ളി.

അങ്ങനെ കിടന്നുരുളുമ്പോഴാണ് ആരോ എന്നെ ഒന്നു തോണ്ടിയത്; ആരോ അല്ല പോക്കു തന്നെ. പേടിച്ചുകൊണ്ട് കണ്ണു തുറന്നപ്പോൾ അവൻ പറഞ്ഞു: "എടോ അവുക്കോ, നോക്ക്... കുറുക്കന്മാർ!"

നോക്കുമ്പോഴുണ്ട് കൊപ്രക്കളത്തിനടുത്ത് നാലഞ്ചു കുറുക്കന്മാർ; നായ്ക്കളെപ്പോലെ. ശരിക്കും കുറുക്കന്മാർ തന്നെ. അന്നാദ്യമായാണ് കുറുക്കന്മാരെ ഇത്ര അടുത്തു നിന്നു കാണുന്നത്. നിലാവിന്റെ വെളിച്ചത്തിൽ അവരെ ശരിക്കും കണ്ടു : കൂർത്ത മുഖം! ഉയർന്നു നിൽക്കുന്ന ചെവികൾ! നീണ്ട രോമങ്ങൾ നിറഞ്ഞ വലിയ വാല്, കുറിയ കാലുകൾ!

ഒരു വിറയൽ ശരീരത്തിലാകമാനം പടർന്നു. കുഞ്ഞായിരുന്നപ്പോൾ വികൃതി കാണിക്കുമ്പോൾ ഉമ്മയും മറ്റും പറഞ്ഞു പേടിപ്പിക്കാറുണ്ടായിരുന്നു; കുറുക്കൻ വരും, കുറുക്കന്മാർ പിടിച്ചു കൊണ്ടുപോകും എന്നൊക്കെ. കൊപ്ര കട്ടെടുത്തു തിന്നതിന് എന്നെയും പോക്കുവിനെയും പിടിച്ചുകൊണ്ടുപോവാൻ വന്നതാണോ കുറുക്കന്മാർ? അങ്ങനെ ചിന്തിച്ചപ്പോൾ പേടികൊണ്ടു വിറച്ചു. മെല്ലെ പോക്കുവിന്റെ അടുത്തേക്കു നീങ്ങിക്കിടന്നു. പെട്ടെന്ന് അവൻ കൂക്കാൻ തുടങ്ങി;



കൂ...കൂ...കൂ...... കൂയ്..... കൂയ്....കൂയ്......!

ഞാൻ പേടിച്ചു വിറയ്ക്കെ പോക്കു എഴുന്നേറ്റിരുന്ന് കൈയടിച്ചു ചിരിക്കാൻ തുടങ്ങി. അപ്പോൾ എന്റെ പേടി മാറി; നോക്കുമ്പോഴുണ്ട് കുറുക്കന്മാർ ഓടെടാ ഓട്ടം...'ഞങ്ങളെക്കാൾ വലിയ കുറുക്കന്മാരോ ഇവർ' എന്ന മട്ടിൽ അവരിൽ ചിലർ ഇടക്കിടെ തിരിഞ്ഞു നോക്കുന്നുണ്ടായിരുന്നു. പോക്കു അവരുടെ ഓട്ടം കണ്ട് ചിരിയോടു ചിരി തന്നെ. പേടി ഒരു വിധം മാറിയിരുന്നെങ്കിലും എനിക്കിപ്പോൾ അങ്ങനെ ചിരിക്കാൻ കഴിഞ്ഞില്ല. വയറ്റിൽ അപ്പോഴും കട്ടുതിന്ന കൊപ്പര ഉരുണ്ടു



മറിയുകയായിരുന്നു.

“വാടാ, കുറുക്കന്മാർ കൊപ്പര തിന്നോ എന്ന് നോക്കണ്ടേ?”

പോക്കു എന്നെ വിളിച്ചുകൊണ്ടു എഴുന്നേറ്റു. കൊപ്രക്ക് കാവൽ കിടക്കാൻ വന്നവനാണല്ലോ. പേടിക്കൊടലനായി ഇരിക്കാൻ പാടില്ല. ഞാനും ധൈര്യം സംഭരിച്ച് എഴുന്നേറ്റു. അവന്റെ കൂടെ നടന്നു. പരിസരമാകെ ഒന്നു പരിശോധിച്ച് പോക്കു പറഞ്ഞു: “ഇല്ലെടോ, ഒറ്റക്കഷ്ണം കൊപ്പര പോലും കുറുക്കന്മാരെടുത്തിട്ടില്ല. നമ്മളിവിടെ ഉണ്ടായിരുന്നില്ലെങ്കി കാണായിരുന്നു.”

അപ്പോൾ ഞാൻ പറഞ്ഞു: “നാലുകാലുള്ള കുറുക്കന്മാർ കൊപ്പര

കട്ടുതിന്നിട്ടില്ല. രണ്ടു കാലുള്ള കുറുക്കന്മാരാ കട്ടു തിന്നത് അല്ലേ?"

അതുകേട്ട് പോക്കു എന്റെ നേരെ തിരിഞ്ഞ് നിന്നു മെല്ലെ പറഞ്ഞു: "അതു ശരിയാണല്ലേ?" പിന്നെ അവനൊന്നും മിണ്ടിയില്ല. ഞാനും മിണ്ടാതെയിരുന്നു. നേരം വെളുക്കും വരെ ഓരോന്ന് ആലോചിച്ച് ഇരുന്നും കിടന്നും കഴിച്ചുകൂട്ടി.

രാവിലെ പോക്കു പറഞ്ഞു: "ഞമ്മക്ക് അന്റെ വെല്ല്യുമ്മാനെക്കൊണ്ട് പൊര്ത്തപ്പെടീക്കാം." അവന്റെ മനസ്സിലും കുറ്റബോധം നിറഞ്ഞിരുന്നെന്ന് എനിക്കപ്പോഴാണ് ബോധ്യമായത്. "വല്ലിമ്മ ചീത്ത പറയില്ലേ? അടിയ്ക്കൂലേ?" ഞാൻ ചോദിച്ചു.

"ചീത്ത പറഞ്ഞാ കേൾക്കാ -അടിച്ചാൽ കൊള്ളാം..." നമ്മൾ തെറ്റു ചെയ്തുപോയില്ലേ?" വിഷമത്തോടെ ഇങ്ങനെ പറഞ്ഞുകൊണ്ട് അവൻ എഴുന്നേറ്റ് നടന്നു; പിന്നാലെ ഞാനും. എനിക്കപ്പോൾ മുട്ടു വിറയ്ക്കുന്നുണ്ടായിരുന്നു, വല്ലിമ്മയുടെ അടിയുടെ ചൂടോർത്ത്. വല്ലിമ്മ ഒരുവിധം തെറ്റുകൾക്കൊന്നും അടിക്കാറില്ല. അടിച്ചാലോ, നല്ല അടി തന്നെയായിരിക്കും. വല്ലിമ്മയുടെ പണസഞ്ചിയിൽ നിന്ന് അഞ്ചു പൈസ കട്ടെടുത്തതിന് ഇക്കാക്കയെ പൊതിരെ തല്ലിയത് ഞാൻ കണ്ടതാണല്ലോ.

മുറ്റത്തെത്തിയപ്പോഴേക്കും വല്ലിമ്മ ചോദിച്ചു: "ന്താ മക്കളിന്നലെ തീരെ ഒറങ്ങീലേ?" "ഒറങ്ങാനായീല, കുറുക്കന്മാര് വന്നീന്." പോക്കു മെല്ലെ പറഞ്ഞു. "ഞാൻ മക്കക്ക് വേഗം ചായ എടുത്ത് തരാട്ടോ" എന്നു പറഞ്ഞ് അകത്തേക്കു പോകാനൊരുങ്ങിയപ്പോൾ പോക്കു മെല്ലെ വിളിച്ചു:

"പിന്നെ.... അമ്മായീ.." അവൻ അമ്മായീ എന്നാണ് ഞങ്ങളുടെ വല്ലിമ്മയെ വിളിക്കാറ്.

"എന്തേ...യ്...?" വല്ലിമ്മ തിരിഞ്ഞു നിന്നു.

"ഞങ്ങളിന്നലെ രാത്രി കൊറച്ച് കൊപ്പര തിന്നു." പോക്കു പേടിയോടെ പറഞ്ഞപ്പോഴേക്കും വല്ലിമ്മയുടെ ഭാവം മാറി ഉറക്കെ ചോദിച്ചു: "നിങ്ങൾ കൊപ്പര എടുത്ത് തിന്നീനോ, കൊപ്പരക്ക് കാവലാക്കീട്ട്?" "പയ്ച്ച്ട്ടാണമ്മായി, ഒറങ്ങാൻ കയ്യാണ്ട്.." പോക്കുവിന്റെ ദയനീയ വാക്കുകൾ കേട്ടപ്പോൾ വല്ലിമ്മ തണുത്തു.

"ങേ.... പയ്ച്ചിട്ടാണോ? ന്നാ സാരല്ല. എത്ര കഷ്ണം തിന്നു?"

"ഞാനൊരു കഷ്ണവും അ



“കുറുക്കന്മാര് ഒറ്റ കഷ്ണ വും തിന്നിട്ടില്ല.”

“...ന്നാ സാരല്ല, പോയി പ ല്ലു തേച്ചു വന്നാട്ടെ, രണ്ടാളും.” വല്ലിമ്മ അടുക്കളയിലേക്കു തി രിഞ്ഞു.

അപ്പോൾ പോക്കു പിന്നെ യും വിളിച്ചു.“അമ്മായീ...”

“എന്താടാ.... ഇനീം ന്തെങ്കി ലും ണ്ടോ പറയാന്?”

“അമ്മായി പൊരുത്തപ്പെട്ട് തരണം, രണ്ടാൾ ക്കും.”

അതുകേട്ട് വ ല്ലിമ്മ ഉറക്കെച്ചിരി ച്ച് കൊണ്ട് പറ ഞ്ഞു: “ങ്ങള് ര ണ്ടാളും നല്ല ക ള്ളന്മാർ തന്നെ. കട്ടെടുത്തിട്ട് ഇ പ്പൊ തന്നെ പൊ രുത്തപ്പെടീക്കാ നും വന്നതാല്ലേ?, ആയീക്കോട്ടെ, കൊതി വന്നാല് ഒ ന്നോ രണ്ടോ കഷ് ണം കൊപ്പര എടു ത്ത് തിന്നുണേന് വിരോധൊന്നുല്ല. തിന്ന് തീർക്കാതിരു ന്നാ മതീട്ടൊ.” ഞങ്ങൾ ആശ്വാ സത്തോടെ കിണറ്റിൻ കരയി ലേക്കോടി.

വുക്കു ഒരു കഷ്ണവും.”

“അപ്പോ കുറുക്കന്മാരോ?” വല്ലിമ്മ ദേഷ്യം മാറി ചിരിച്ച് കൊണ്ട് ചോദിച്ചു.

ഉമിക്കരിയെടുത്ത് പല്ലുതേച്ച് വുളൂ ഉണ്ടാക്കി നിസ്കരിച്ച് വന്നപ്പോഴേക്കും വല്ലിമ്മ പത്തിരിയും മുട്ടക്കറിയും ഉണ്ടാക്കി വെച്ചിരുന്നു. രണ്ട് പേരും ഇരുന്നു മത്സരിച്ച് തിന്നുന്നത് നോക്കി വല്ലിമ്മ അടുത്ത് തന്നെയിരിക്കുന്നുണ്ടായിരുന്നു. വയറ് നിറയെ തിന്ന് മതിയാക്കി എഴുന്നേൽക്കാനൊരുങ്ങിയപ്പോൾ വല്ലിമ്മ രണ്ടു പേർക്കും ഓരോ പത്തിരി കൂടി ഇട്ടു തന്നു. കറി ഒഴിച്ചുകൊണ്ടു പറഞ്ഞു: "ന്നാ... ഇത് കൂടി തിന്നോ.. ഇനി പൈക്ക്ണുണ്ടെന്ന് പറഞ്ഞ് കൊപ്പര കട്ടു തിന്നാൻ പോകര്ത് ട്ടോ കൊച്ചു കള്ളന്മാരേ."

അതുംകൂടി അകത്താക്കി എഴുന്നേറ്റു കൈ കഴുകുമ്പോൾ വല്ലിമ്മ പോക്കുവിനെ വിളിച്ച് പറഞ്ഞു: "ഇന്നുകൂടി ഒണങ്ങ്യാ നാലായില്ലേ? നാളെ രാവിലെ കൊപ്പര വിൽക്കാൻ കൊണ്ടോകണം. മോൻ ചെന്ന് ആ മമ്മുണ്ണിക്കാനോട് ഒന്നിവിടം വരെ വരാൻ പറ.... ഒറ്റ ഓട്ടത്തിന്."

തേങ്ങ വെട്ടി വെയിലത്തിട്ടാൽ നാലു ദിവസത്തെ ഒണക്കമാണ് സാധാരണ വേണ്ടി വരാറ്. രണ്ടു ദിവസമുണങ്ങിയാൽ ചിരട്ട ഒഴിവാക്കിയെടുക്കും. പിന്നെ രണ്ടു ദിവസം കൂടി ഒണങ്ങുമ്പോഴേക്കും നല്ല കൊപ്രയാകും.

കോഴിക്കോട്ടങ്ങാടിയിൽ കൊണ്ടുപോയാണ് വിൽക്കുക. കോഴിക്കോട്ടേക്കു പത്തിരുപതു നാഴിക നടക്കണം. ചുമുട്ടുകാരൻ മമ്മുണ്ണിക്കയാണ് കാവുണ്ടത്തിലേറ്റി കൊപ്ര കൊണ്ടുപോവുക. മാലെന്നു പറയുന്ന വലച്ചാക്കിൽ കൊപ്ര നിറച്ച് കാവുണ്ടത്തിന്റെ രണ്ടറ്റത്തും കെട്ടിത്തൂക്കും. കാവുണ്ടത്തിന്റെ മധ്യഭാഗം ചുമലിൽ വെച്ചാണ് നടക്കുക. കൂറേ നടത്തവും ഓട്ടവുമൊക്കെയായി ആ പോക്കു കാണാൻ നല്ല രസമാണ്; അപ്പോൾ മാലിനുള്ളിൽ നിന്നു കൊപ്പറകൾ ക്റ് - ക്റ്- ക്റ് എന്ന് ഒച്ചയുണ്ടാക്കും. കൊപ്പരയുടെ മണം വഴികളിലൊക്കെ പരക്കും. നേരം വെളുക്കുന്നതിന് മുമ്പെ പുറപ്പെടും. എന്നാല് വെയില് ചൂടാകുന്നതിന് മുമ്പ് കോഴിക്കോട്ടെത്തുമത്രെ. കൊപ്ര വിറ്റു കഴിഞ്ഞാൽ ആവശ്യമുള്ള സാധനങ്ങളെല്ലാം വലിയങ്ങാടിയിൽ നിന്നു വാങ്ങി കാവുണ്ടത്തിന്റെ രണ്ടത്തും തൂക്കി തിരിച്ചു നടക്കും. രാത്രി വൈകിയാണ് തിരിച്ചെത്തുക. ആ വരവിന്നായി ഞങ്ങൾ കാത്തിരിക്കും. എന്തിനാണെന്നോ? (തുടരും)


പ്രാബ്ലം ഫ്രണ്ട്സ്
എടാ.. തെങ്ങുകയറ്റ-ക്കാരൻ ശങ്കരൻ ക്വാറ-ന്റയിനിലാ!! ... തേങ്ങ വിളഞ്ഞു ഓട്ടിൻമേൽ വീണു .... നാലഞ്ച് ഓട് പൊട്ടി !!
തേങ്ങ പറിക്കാൻ എന്താ ഒരു വഴി ?
...ഞങ്ങളു പറിച്ചു തരാം രാമേട്ടാ!!
ഡോണ്ട് വറി!!
...തെങ്ങുകയറ്റത്തിന് ഞങ്ങൾക്ക് സമ്മാനം കിട്ടിയിട്ടുണ്ട് !!
ഓഹോ! അങ്ങനെ യെങ്കിൽ...
..നിങ്ങള് കയറി-ക്കോ!
എടാ.. രണ്ട് മൂന്ന് ഇളനീരും പറിച്ചോ!! നമുക്ക് കുടിക്കാൻ!
OK!
.. അങ്ങനെ.. തെങ്ങുകയറ്റ ചാമ്പ്യൻ.... ..ഇതാ.. കയറാൻ തുടങ്ങുന്നു...


ഹെടാ..തെങ്ങിന്റെ....
.. മണ്ടേല്...
കാക്കക്കൂട്!!!
ശൂ.. കൊത്തല്ലേ കാക്കേ....
ഞാൻ.. നിന്റെ മുട്ട എടുക്കാൻ..
...വന്നതല്ലാ.....
...കാ..
കാ...
ശൂ.. ശൂ..
ഈ കാക്കക്ക്
മലയാളം അറീല്ലേ...?? ..എങ്കിൽ..
..പിന്നെ...
..ഇംഗ്ലീഷിൽ
പറയാം....
.. അയാം
നോട്ട് കമിംഗ്
...ഫോർ..
യുവർ എഗ്ഗ്!!
...അയാം...
കമിംഗ് ഫോർ...
തെങ്ങ് എഗ്ഗ്!!
ഡോണ്ട്
കൊത്ത്!!
..കാ.....കാ...
...ന്റള്ളോ....
ബ്ധും!
പിന്നീട്..
രണ്ടിനും
എന്താ
പറ്റിയത്?
തെങ്ങിറക്കത്തിന്
സമ്മാനം
കിട്ടിയതാ!!
F/2021

യാസീൻ ഫവാസ്

# കഴുത യുടെ ബുദ്ധി



മരണത്തിൽ നിന്ന് ജീവിതത്തിലേക്കു വന്ന ഒരു കഴുതയുടെ കഥയുണ്ട് ഈസോപ്പു കഥകളിൽ.

ഒരു ദിവസം സാം എന്ന കർഷകന്റെ കഴുത കാല് തെറ്റി വലിയൊരു കുഴിയിൽ വീണു. കഴുതയെ രക്ഷിക്കാൻ എന്തു ചെയ്യണമെന്ന് അറിയാതെ അയാൾ കുറേ ശ്രമങ്ങൾ നടത്തി. അപ്പോഴെല്ലാം കഴുത അതിൽ കിടന്ന് കരയുകയായിരുന്നു.

കഴുതയെ രക്ഷപ്പെടുത്താൻ കുറേ അധ്വാനവും ചെലവുമുണ്ടെന്നും കഴുതക്ക് കുറേ പ്രായമുള്ളതിനാൽ ഇനി കൂടുതൽ കാലം ജീവിക്കില്ലെന്നും ചിന്തിച്ച് കുഴി മൂടാൻ അയാൾ തീരുമാനിച്ചു. തന്റെ അയൽവാസികളെയെല്ലാം കുഴി മൂടുന്നതിനു വേണ്ടി സഹായം ആവശ്യ



പ്പെട്ടുകൊണ്ട് അയാൾ ക്ഷണിച്ചു. അവരെല്ലാം കൊട്ടകളിൽ മണ്ണു നിറച്ചു കൊണ്ടുവന്ന് കുഴിയിൽ ഇടാൻ തുടങ്ങി. അപ്പോഴാണ് അവരെല്ലാം എന്താണ് തന്നോട് ചെയ്യുന്നതെന്ന് കഴുത തിരിച്ചറിഞ്ഞത്. കഴുത കരച്ചിൽ നിർത്തി ശാന്തനായി നിന്ന് ആളുകൾ കുഴിയിലേക്ക് തള്ളുന്ന മണ്ണിനു മുകളിൽ കയറി നിന്നു.

കുറേയധികം മണ്ണ് വാരിയിട്ട് കൃഷിക്കാരൻ ഒടുവിൽ കിണറ്റിലേക്ക് നോക്കി. അയാൾ അമ്പരന്നു പോയി. അവർ കഴുതയെ മൂടാൻ എറിഞ്ഞ മണ്ണിൽ കയറി കഴുത ഏതാണ്ട് മുകളിലെത്തിയിരിക്കുന്നു.

അങ്ങനെ അവസാനം തന്നെ കുഴിച്ചുമൂടാനായി തന്റെ മേൽ എറിഞ്ഞ മൺകൂമ്പാരം തനിക്ക് രക്ഷപ്പെടാനുള്ള മാർഗമാക്കി കഴുത മാറ്റി. കഴുത കിണറിന്റെ മേൽഭാഗത്തുവന്ന് രക്ഷപ്പെട്ടപ്പോൾ അവരെല്ലാവരും തങ്ങളുടെ തെറ്റിനെയോർത്ത് ഖേദിക്കുകയും ആശ്ചര്യത്തോടെ അതിനെ നോക്കി നിൽക്കുകയും ചെയ്തു.

ഗുണപാഠം: ജീവിതത്തിൽ നമുക്ക് പല പരീക്ഷണങ്ങളും പ്രയാസങ്ങളും വരാം, അതിൽ തളർന്നു പോകരുത്. നിരന്തരം പരിശ്രമിക്കുക. ആഴത്തിലുള്ള കിണറുകളിൽ നിന്നും നമുക്ക് പുറത്തു കടക്കാൻ കഴിയും. ഒരിക്കലും ശ്രമം അവസാനിപ്പിക്കരുത്. നമ്മളിലേക്ക് വരുന്ന പ്രയാസങ്ങളെ തട്ടിക്കുടഞ്ഞ് ഒരോ പടിയും കടന്ന് മുകളിലേക്ക് നടന്നു കയറുക.




# VOCASCAPE

**Dr Abdul Latheef V**

While changing some words in English to their past form, the last letter needs to be doubled. This often creates spelling issues for learners.

Study the given words and write their past forms. You may use a dictionary if you are unsure of this doubling phenomenon.

| Column A | Column B |
|---|---|
| 1.hug | a)...................................... |
| 2.stop | b)...................................... |
| 3.talk | c)...................................... |
| 4.beg | d)...................................... |
| 5.pair | e)...................................... |
| 6.plot | f)...................................... |

# Curious & Catchy Words

## Bed-Wetting


Did you have the habit of urinating in bed when you were a small child? Have you ever thought that such a habit has got a specific word in the English dictionary? The word to refer to the problem of urinating in bed, usually by children while they are asleep *is* ***Bed-wetting****.*

- *My mother said that I didn't have the habit of wed-wetting.*
- *Bed-wetting children may have some psychological issues.*

## Care Home

Have you visited any place where people, very old or disabled, live because they don't get enough care from their relatives? Do you have such houses near your surroundings? The English dictionary has many words connected with *care* like *care assistant*, *care worker, care giver etc.* The word to refer *to a place where people live and are cared for when they cannot live at home or look after themselves is* **Care home**

- *Care home are increasing day by day.*
- *I don't like to send my parents to a care home.*


Master Imitable
You taught me the art of fishing. Thank you dear.
But you have been teaching me many things for long.
What shall we do with this catch?
We can either fry it or make a fish curry
How about doing it ourselves?
It can be a dounting task!
I'm interested in cooking. I believe we can do it.
Sorry, I don't know even the ABC of cooking.
You had better ask my mother. I help her in the kitchen.
I trust your words.


Mother, we caught it from the pool. Many say it's very tasty.
Yes, it is. should I fry it for you two?
No, thanks. Adil says he knows basics of cooking. So we'll do it ourselves.
That sounds exciting! cooking is a good skill
Dear brother, Let's begin the business right now.
I'm still in two minds about it.
Dear, let's take it easy. I can be the chef.
Well. I'll be your assistant.
That gives me more confidence
Your mother is here. So we can seek help whenever needed.
The first step is to clean the fish well.
Where should we start it from ?
continue

**STORY LINE**

# The Power of truth

Baghdad was the hub of political, commercial and cultural activities and the center of learning and knowledge in the past. Once there lived a boy named Abdul Qadir, in Jeelan. It was a place quite far away from Baghdad. When he turned eighteen, he asked his mother if he could go to Baghdad to quench his thirst for knowledge.

Though she was attached to him much, she gave permission and said:

I inherited eighty gold coins from your father. I'm going to give you half and the rest is for your younger brother".

The day for the journey came. In those days, the means of transport was either riding on animals or walking along rough and lonely paths. There were wide-spread threats of highwaymen who used to steal valuables from travelers and caravans. As the mother was preparing provisions for the journey, the thought of robbers crossed her mind.

"let's hide those forty coins by sewing them under the arm of your coat". She suggested.

"That will be fantastic" the son replied.

The mother came to know that a caravan was travelling to Baghdad after two days. So, she decided to send the son along with them. Just before seeing him off, she gave some precious pieces of advice.

"never tell lies in your life. Only truthfulness leads to Paradise". She exhorted him.

Quite unluckily, that caravan was attacked by a band of robbers. The thugs began to fish out all the



valuable goods from the travelers. One of the robbers caught hold of Abdul Qadir's belongings and did a thorough search.

Having failed to find anything, the robber asked, “Do you have anything valuable?'

The boy calmly replied, “Yes.”

On hearing this, the robber franticly searched further but could not locate the valuables.

The robber took the boy to gang leader and said, “This boy says he has valuables but I cannot find anything in his bundle!”

The leader of the robbers asked Abdul Qadir, “Are you hiding any valuables?”

Again, the boy answered, “Yes.”

The leader asked, “What are you hiding?”

Abdul Qadir replied, “Gold coins.”

“How many coins are there?” The leader asked again

“Forty”. Said the boy fearlessly.

The leader commanded to do a thorough frisking of the boy and forty coins were found hidden in the lining of his coat.

All the travelers in the caravan were panic stricken. The boy's keeping his cool and admitting that he possessed forty gold coins perplexed the leader and the whole band.

The leader of the robbers was curious to know more about this boy.

He asked, “What is your name and where do you come from?”

He got a reply, “My name is Abdul Qadir and I come from the province of Jeelan in Persia.”

“Where are you going to?”, the leader asked further.

“I am going to Baghdad.” The boy replied calmly.

“What do you plan to do in Baghdad?”

“I want to study with the greatest religious scholars in Baghdad and gain spiritual insight.”

“Why didn't you lie and keep your gold coins safe from us?”

The boy related the advice his mother gave at the time of parting.

On hearing this, the whole gang of thieves became overcome with remorse. They started reflecting on their own deeds.

Addressing others, the gang leader said “This boy obeys even his mother's words and fears God's punishment whereas we have been disobeying God's words for years. He has the courage to stand up against people like us!”.

## WORD HUNT

Stories can do a lot in improving your skills in English. As children it is very important to develop the habit of reading stories. If the stories are about great people and their experiences, they could teach us great lessons. As you read on, learn to pay attention to new words and try to guess their meanings from the context.

**Find out correct Synonyms from the story for the given words**

| Words | Synonyms from the story |
| --- | --- |
| answer | |
| Satisfy | |
| hard | |
| burglar | |
| agony | |
| Stop doing | |

## GO IDIOMATIC

*Idioms are a group of words whose meaning is different from the meanings of the individual words*. Using idioms in your English will add colour and grace to your language.

**Trace the idioms/phrase from the story for the following words.**

1. *To remain calm in a difficult situation:*

   ...........................................................................

2. *To say goodbye to somebody:*

   ...........................................................................





പ്രിയ കുസുമത്തിന്,

നിനക്ക് എഴുതാൻ വേണ്ടി വളരെ കാലമായി ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോഴാണ് അതിനെനിക്ക് അവസരം കിട്ടിയത്.

ആദ്യമായി നിനക്ക് എന്റെ എല്ലാ ആശംസകളും നേരുന്നു. നിന്നിലൂടെ പല അറിവുകളും തമാശകളും കുസൃതികളും ഞാൻ ആർജിച്ചെടുക്കുന്നു. എല്ലാ മാസവും നിനക്ക് വേണ്ടി ഞാൻ കാത്തിരിക്കാറുണ്ട്.

സഫറിന്റെയും മിസ്റ്റർ മണ്ടപ്പൻ ന്റെയും കഥകൾ എനിക്ക് ഒത്തിരി ഇഷ്ടമാണ്. സി.ഐ.ഡി സൽമാൻ ന്റെ പു



തിയ പംക്തി വളരെ രസകരമായിട്ടുണ്ട്.

ഇനിയും ഒരുപാട് അറിവുകൾക്ക് വേണ്ടി നിന്നെ ഞാൻ കാത്തിരിക്കും. നിനക്കും കൂട്ടുകാർക്കും ആശംസകൾ നേർന്നുകൊണ്ട്

**ഹിസാന എം.കെ വാവൂർ, കരിമ്പിൽ മിസ്ബാഹുൽ ഉലൂം സുന്നി മദ്റസ**

പ്രിയപ്പെട്ട കുസുമത്തിന്,

നിനക്കായ് ഓരോ മാസവും ഞങ്ങൾ എങ്ങനെയാണ് കാത്തുനിൽക്കുന്നതെന്ന് ഞങ്ങൾക്കു തന്നെ അറിയൂ. സി.ഐ.ഡി



സൽമാൻ നല്ല ഹരം നൽകുന്നു. പ്രോബ്ലം ഫ്രണ്ട്സും മണ്ടപ്പൻസും നന്നായി ചിരിപ്പിക്കുന്നു. ജപ്പാൻ വിശേഷം വായിച്ചിട്ട് അവിടെ പോകാൻ തോന്നുന്നു.

കുസുമത്തിന് എന്റെയും കൂട്ടുകാരുടെയും നന്ദി അറിയിക്കുന്നു.

**ഫാത്തിമ ഫിദ. ടി, ക്ലാസ് – 8**
**മമ്പഉൽ ഉലൂം സുന്നി മദ്റസ, നോർത്ത് കൊഴക്കോട്ടൂർ**



റാശില പി.ജെ
ഇർശാദ് ഇംഗ്ലീഷ് സ്കൂൾ
പന്താവൂർ



മുനീസ് യു.കെ, 6-ാം ക്ലാസ്
ദാറുൽ ഹിദായ സുന്നി മദ്റസ മുണ്ടുമുഴി



ഹുസ്ന എം. പി, ക്ലാസ് - 8
സിറാജുൽ ഹുദാ മദ്റസ
ഇന്ത്യനൂർ



മുഹമ്മദ് അഫ്താബ്
മദ്റസതു മുആരിഫി സ്സുന്നിയ്യ, ആക്കച്ചുള്ളി





ഹിദാശ്
റൗളതുൽ ഉലൂം സ്രാമ്പിക്കൽ



മുർശിദ ബാനു. പി
ക്ലാസ് - 7



ആയിശ ഫർഹാന സി.എം
ക്ലാസ് - 7, മനാറുൽ ഹുദാ മദ്റസ
താനൂർ



ആഇശത് ത്വാഹിറ
ക്ലാസ് - 8
ദർമത്തടക്ക, കാസർഗോഡ്



മുഹമ്മദ് നാസൽ, ഹസനിയ്യ
മദ്റസ - ഐക്കരപ്പടി



ഹന്ന ശറിൻ, ക്ലാസ് - 8
സഖാഫതുൽ ഇസ്ലാം മദ്റസ
മർകസ് നഗർ



ഹിബ നസ്റിൻ കെ.ജെ
മമ്പഉസ്സആദ, ക്ലാസ് - 7
ഈങ്ങാപ്പുഴ



മുഹമ്മദ് മുബശിർ കെ.സി
സുബുലുൽ ജന്ന, കോടിയമ്മൽ

***ചിത്രങ്ങൾ തപാൽവഴി മാത്രം അയക്കുക***




PRINTED AND PUBLISHED BY **P. KUNHAMMED KLARI** SAMASTHA ISLAMIC CENTRE, CALICUT - 673 006, PRINTED AT : GEETHANJALI OFFSET PRESS, CALICUT. HONORARY CHIEF EDITOR : **MUHAMMED PARANNUR**